مليباري

# സത്യവിശ്വാസവും

## ഇസ്‌ലാം ദുർബലപ്പെടുന്ന

## കാര്യങ്ങളും

العقيدة الصحيحة وما يضادها

# സത്യവിശ്വാസവും ഇസ്‌ലാം ദുര്‍ബലപ്പെടുന്ന കാര്യങ്ങളും

# العقيدة الصحيحة ونواقض الإسلام

## اللغة مليالم

لسماحة الشيخ:

عبدالعزيز بن عبدالله بن باز

قام بترجمته:

شعبة دعوة وتوعية الجاليات بمحافظة الخرج


രചന: ശൈഖ്
അബ്ദുല്‍ അസീസുബ്നു അബ്ദില്ലാഹി ബ്നു ബാസ്

വിവര്‍ത്തനം: അബ്ദുല്‍ ലത്വീഫ് സുല്ലമി, മാറഞ്ചേരി


---


അല്‍ഖര്‍ജ് ഇസ്‌ലാമിക് സെന്‍റര്‍, പി.ബി. നമ്പര്‍: 9
അല്‍ഖര്‍ജ്-11942. ഫോണ്‍: 01 5440662.
സുഊദിഅറേബ്യ

ⓒ مكتب توعية الجاليات بالخرج ، ١٤١٩هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

ابن باز ، عبدالعزيز بن عبدالله

العقيدة الصحيحة ونواقض الإسلام - الرياض.

٣٦ ص ؛ ١٢ × ١٧ سم

ردمك : ٥ - ٠ - ٩٢٢٤ - ٩٩٦٠

(النص باللغة المليبارية)

١- العقيدة الإسلامية - دفع مطاعن أ- العنوان

ديوي ٢٤٠ ١٩/٤٢٠٣

رقم الايداع ١٩/٤٢٠٣

ردمك : ٥ - ٠ - ٩٢٢٤ - ٩٩٦٠

## ഗ്രന്ഥകർത്താവ്:

അബ്ദുൽഅസീസ് ബിൻ അബ്ദില്ലാഹിബിൻ അബ്ദിർറഹ്മാനിബ്നി മുഹമ്മദിബ്ൻ അബ്ദില്ലാഹി ആലുബാസ്.

ഹിജ്റ 1330ൽ ദുൽഹിജ്ജ മാസം സുഊദി അറേബ്യയിലെ റിയാദിൽ ജനിച്ചു. ചെറുപ്പത്തിലേ ഖുർആൻ മനഃപാഠമാക്കി. തന്റെ പതിനാറാമത്തെ വയസ്സിൽ കണ്ണിനു രോഗംബാധിച്ചു, കാഴ്ച നഷ്ടപ്പെട്ടു. പ്രശസ്തരും അഗ്രഗണ്യരുമായ ഗുരുനാഥന്മാരിൽ നിന്ന് വിദ്യഅഭ്യസിച്ചു. വിജ്ഞാനസാഗരമായിരുന്ന ശൈഖ് മുഹമ്മദുബ്നു ഇബ്റാഹീം ആലുശ്ശൈഖിന്റെ കീഴിൽ പത്തുവർഷക്കാലം നിരന്തരം കഴിച്ചുകൂട്ടി, ശറഈ വിജ്ഞാനങ്ങൾ കരസ്ഥമാക്കി അഖിലലോക പണ്ഡിത പദവിയിൽ എത്തിച്ചേർന്നു.

അലങ്കരിച്ച പദവികളിൽ ചിലത്:

ഹിജ്റ 1357 മുതൽ 1371 വരെ അൽഖർജ് ഖാദ്വി.

ഹിജ്റ 1372 മുതൽ 1380 വരെ റിയാദിലെ ശരീഅഃ കോളജിലെ ഫിഖ്ഹ്, തൗഹീദ്, ഹദീഥ്, എന്നി വിഷയങ്ങളുടെ പ്രഫസർ.

ഹിജ്റ 1381 മുതൽ 1390വരെ മദീനാ യൂണിവാഴ്സിറ്റി വൈസ്ചാൻസലർ.

ഹിജ്റ 1390 മുതൽ 1395വരെ മദീനായൂണിവാഴ്സിറ്റി ചാൻസലർ.

ഹിജ്റ 1395 മുതൽ രാജകൽപന പ്രകാരം ദാറുൽ ഇഫ്തായുടെ പ്രസിഡൻറ് പദവിയിൽ അവരോധിക്കപ്പെട്ടു. ഇപ്പോഴും ആ സ്ഥാനത്ത് തുടരുന്നു.

1414ൽ സുഊദി രാഷ്ട്രത്തിന്റെ രാഷ്ട്ര മുഫ്തിയായി അവരോധിതനായി. ഇപ്പോഴും തുടരുന്നു. കൂടാതെ രാഷ്ട്രത്തിലെ ഉന്നത പണ്ഡിത സഭാംഗം, ഫത്വാ ബോർഡ് ചെയർമാൻ, മുസ്ലിംവേൾഡ്ലീഗ് (റാബിത്വതുൽ ആലമിൽ ഇസ്ലാമീ) സ്ഥാപക പ്രസിഡൻറ്, സ്ഥിരാംഗം, ലോക പള്ളികാര്യങ്ങളുടെ ഉന്നതസഭാ പ്രസിഡൻറ്, മക്കായിലെ ഇസ്ലാമിക കർമ്മശാസ്ത്ര ഗവേഷണ കമ്മിറ്റി ചെയർമാൻ, മദീനാ യൂണിവാഴ്സിറ്റി ഉന്നതകാര്യസഭാ മെമ്പർ, സുഊദി അറേബ്യ മതപ്രബോധന ഉന്നതാധികാര സമിതി അംഗം എന്നീ പദവികളും അലങ്കരിച്ചു വരുന്നു.

ചെറുതും വലുതുമായ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. *"അൽഅഖീദതുസ്സ്വഹീഹതു വനവാഖിളുൽ ഇസ്ലാം"* എന്ന കൃതിയുടെ വിവർത്തനമാണ് നിങ്ങളുടെ കൈകളിലിരിക്കുന്നത്. 80 വയസ്സായ അദ്ദേഹം ഇപ്പോഴും കർമ്മനിരതനായി മതസേവന രംഗത്ത് നിറഞ്ഞു നിൽക്കുന്നു. അല്ലാഹു അദ്ദേഹത്തിന് ആരോഗ്യവും ദീർഘായുസ്സും നൽകട്ടെ. ആമീൻ.

### വിവർത്തകൻ:

### പി.അബ്ദുൽലത്വീഫ് സുല്ലമി, മാറഞ്ചേരി

بسم الله الرحمن الرحيم

*പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ തിരുനാമത്തിൽ*

സർവ്വസ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്ന്. അവൻെറ ദൂതരിൽ അന്തിമനായ മുഹമ്മദ് നബി (സ) യിലും കുടുംബത്തിലും ബന്ധുമിത്രാദികളിലും അളവറ്റ കരുണാ കടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.

ഇസ്ലാം മതത്തിൻെറ അടിസ്ഥാനവും സത്യമാർഗത്തിൻെറ ആധാരശിലയുമായ സത്യവിശ്വാസം അതാണ് ഈ ചെറുകൃതിയിലെ മുഖ്യവിഷയം.

മനുഷ്യരുടെ കർമ്മങ്ങളും വാക്കുകളും സ്വീകരിക്കപ്പെടുന്നതും തിരസ്കരിക്കപ്പെടുന്നതും വിശ്വാസത്തിൻെറ അടിസ്ഥാനത്തിലാണ്. വിശ്വാസ വൈകല്യങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന കർമ്മങ്ങൾ സ്വീകാര്യയോഗ്യമല്ല. ഈവസ്തുത ഖുർആനും സുന്നത്തുമാകുന്ന ഇസ്ലാമിക പ്രമാണങ്ങൾ ഖണ്ഡിതമാക്കിയിട്ടുണ്ട്.

അല്ലാഹു പറയുന്നു:

﴿وَمَن يَكْفُرْ بِالإِيمَانِ فَقَدْ حَبِطَ عَمَلُهُ وَهُوَ فِي الآخِرَةِ مِنَ الْخَاسِرِينَ﴾ المائدة ٥

സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്നപക്ഷം അവൻെറ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്ത് അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും. [വി.ഖു.5:5]

﴿وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ﴾ الزمر: ٦٥

തീർച്ചയായും നിനക്കും നിൻെറ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ, (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിൻെറ കർമ്മം നിഷ്ഫലമായിപ്പോകുകയും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും. [വി.ഖു. 39:65]

ഈ ആശയം വ്യക്തമാക്കുന്ന ധാരാളം ആയത്തുകൾ വിശുദ്ധഖുർആനിൽ കാണാവുന്നതാണ്.

വിശുദ്ധഖുർആനിന്റെയും നബിചര്യയുടെയും വെളിച്ചത്തിൽ ശരിയായ വിശ്വാസങ്ങളെ നമുക്ക് ഇപ്രകാരം സംഗ്രഹിക്കാം.

الإيمان با لله وملائكته وكتبه ورسله واليوم الآخر وبالقدر خيره وشره.

അല്ലാഹുവിലും അവന്റെ മലക്കുകളിലും കിതാബുകളിലും പ്രവാചകരിലും അന്ത്യനാളിലും നന്മയും തിന്മയുമടങ്ങുന്ന ദൈവീക വിധിയിലുമുള്ള വിശ്വാസം എന്നിവയാണത്.

മേൽപറയപ്പെട്ട ആറ് അടിസ്ഥാന വിശ്വാസ (ഈമാൻ) കാര്യങ്ങളാണ് വിശുദ്ധഖുർആൻ പ്രതിപാതിക്കുന്നത്. ഈ കാര്യങ്ങളുമായാകുന്നു അല്ലാഹു തന്റെ ദൂതനായ മുഹമ്മദ് നബി (സ്വ) യെ നിയോഗിച്ചതും. അദൃശ്യമായി ഒരാൾ വിശ്വസിക്കൽ നിർബന്ധമായ സർവ്വകാര്യങ്ങളും ഈ ആറ് അടിസ്ഥാന വിശ്വാസ കാര്യങ്ങളുടെ ശാഖകൾ മാത്രമാണ്. വളരെ സുപ്രധാനമായ ഈ വിശ്വാസ കാര്യങ്ങളെ സ്ഥിരീകരിക്കുന്ന ധാരാളം തെളിവുകൾ ഖുർആനിലും നബിചര്യയിലും സുവിധിതമാണ്.

അല്ലാഹു പറയുന്നു:

﴿لَيْسَ الْبِرَّ أَنْ تُوَلُّوا وُجُوهَكُمْ قِبَلَ الْمَشْرِقِ وَالْمَغْرِبِ وَلَكِنَّ الْبِرَّ مَنْ آمَنَ بِاللَّهِ وَالْيَوْمِ الآخِرِ وَالْمَلاَئِكَةِ وَالنَّبِيِّينَ﴾ البقرة ١٧٧

നിങ്ങൾ നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം, എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും വിശ്വസിക്കുന്നതിലാണ് പുണ്യം. [വി. ഖു. 2:177]

﴿ ءَامَنَ الرَّسُولُ بِمَا أُنزِلَ إِلَيْهِ مِن رَّبِّهِ وَالْمُؤْمِنُونَ كُلٌّ ءَامَنَ بِاللَّهِ وَمَلآئِكَتِهِ وَكُتُبِهِ وَرُسُلِهِ لاَ نُفَرِّقُ بَيْنَ أَحَدٍ مِّن رُّسُلِهِ ﴾ البقرة ٢٨٥

തന്റെ രക്ഷിതാവിൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരി

ക്കുന്നു. അവൻെറ ദൂതന്മാർക്കിടയിൽ ഒരുവിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല (എന്നതാണ് അവരുടെ നിലപാട്.) [വി.ഖു. 2:285]

﴿يَا أَيُّهَا الَّذِينَ ءَامَنُوا ءَامِنُوا بِاللَّهِ وَرَسُولِهِ وَالْكِتَابِ الَّذِي نَزَّلَ عَلَى رَسُولِهِ وَالْكِتَابِ الَّذِي أَنزَلَ مِنْ قَبْلُ وَمَن يَكْفُرْ بِاللَّهِ وَمَلآئِكَتِهِ وَكُتُبِهِ وَرُسُلِهِ وَالْيَوْمِ الآخِرِ فَقَدْ ضَلَّ ضَلاَلاً بَعِيدًا﴾ النساء ١٣٦

സത്യവിശ്വാസികളേ, അല്ലാഹുവിലും അവൻെറ ദൂതനിലും അവൻെറദൂതന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവീൻ. അല്ലാഹുവിലും അവൻെറ മലക്കുകളിലും അവൻെറ ഗ്രന്ഥങ്ങളിലും അവൻെറ ദൂതന്മാരിലും അന്ത്യദിനത്തിലും വല്ലവനും അവിശ്വസിക്കുന്നപക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. [വി.ഖു. 4:136]

﴿أَلَمْ تَعْلَمْ أَنَّ اللَّهَ يَعْلَمُ مَا فِي السَّمَاءِ وَالأَرْضِ إِنَّ ذَلِكَ فِي كِتَابٍ إِنَّ ذَلِكَ عَلَى اللَّهِ يَسِيرٌ﴾ الحج ٧٠

ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്ക് അറിഞ്ഞുകൂടേ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്, തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ. [വി.ഖു. 22:70]

ഉമർ (റ) ൽ നിന്ന് ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്യുന്നു: ജിബ്രീൽ (അ) നബിയോട് വിശ്വാസ കാര്യങ്ങളെ സംബന്ധിച്ചു ചോദിച്ചപ്പോൾ നബി (സ) പറഞ്ഞു:

الإيمان أن تؤمن با لله وملائكته وكتبه ورسله واليوم الآخر وتؤمن بالقدر خيره وشره (مسلم)

വിശ്വസമെന്നാൽ അല്ലാഹുവിലും അവൻെറ മലക്കുകളിലും അവൻെറ ഗ്രന്ഥങ്ങളിലും അവൻെറ ദൂതരിലും അന്ത്യദിനത്തിലും നന്മയും തിന്മയും അല്ലാഹുവിൻെറ തീരുമാനമാണെന്നതിലും വിശ്വസിക്കലാണ്. [മുസ്ലിം]

ഈഹദീഥ് അബൂഹുറയ്റ (റ)യിൽ നിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചിട്ടുണ്ട്.

അല്ലാഹുവിലും അന്ത്യനാളിലും മറ്റ് അദൃശ്യകാര്യങ്ങളിലും, ഒരു മുസ്‌ലിം നിർബന്ധമായും വിശ്വസിക്കേണ്ട മുഴുവൻ കാര്യങ്ങളും മേൽപറഞ്ഞ ആറു കാര്യങ്ങളുടെ ഭാഗങ്ങൾ മാത്രമാണ്.

## 1- അല്ലാഹുവിലുള്ള വിശ്വാസം

അല്ലാഹുവിലുള്ള വിശ്വാസമെന്നാൽ; അല്ലാഹു അവൻ മാത്രമാണ് ആരാധനക്കർഹൻ, അവൻ സർവ്വലോകങ്ങളുടെയും മുഴുവൻ അടിമകളുടെയും സ്രഷ്ടാവും രക്ഷകനുമാകുന്നു.

അവനാകുന്നു അടിമകൾക്ക് അനുഗ്രഹങ്ങൾ നൽകുന്നതും അവരുടെ ഉപജീവനം നിയന്ത്രിക്കുന്നതും അവരുടെ രഹസ്യങ്ങളും പരസ്യങ്ങളും അറിയുന്നതും അവൻ മാത്രമാകുന്നു. അവനെ അനുസരിക്കുന്നവർക്ക് പ്രതിഫലം നൽകുവാനും അവനെ ധിക്കരിക്കുന്നവരെ ശിക്ഷിക്കുവാനും കഴിവുള്ളവനത്രെ അവൻ. അവനെ ആരാധിക്കുന്നതിനത്രെ അവൻ മനുഷ്യരെയും ജിന്നുവർഗത്തെയും സൃഷ്ടിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

﴿وَمَا خَلَقْتُ الْجِنَّ وَالإِنسَ إِلاَّ لِيَعْبُدُونِ وَمَا أُرِيدُ مِنْهُم مِّن رِّزْقٍ وَمَا أُرِيدُ أَن يُطْعِمُونِ إِنَّ اللَّهَ هُوَ الرَّزَّاقُ ذُو الْقُوَّةِ الْمَتِينُ﴾ الذاريات:٥٦-٥٧

ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്കു ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും പ്രബലനും. [വി.ഖു. 51:56-57]

﴿يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَالَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ الَّذِي جَعَلَ لَكُمُ الأَرْضَ فِرَاشًا وَالسَّمَاءَ بِنَاءً وَأَنْزَلَ مِنَ السَّمَاءِ مَاءً فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقًا لَّكُمْ فَلاَ تَجْعَلُوا لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ﴾ البقرة:٢١-٢٢

ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ,

നിങ്ങൾ ദോഷബാധയെ സൂക്ഷി (ച്ചുജീവി) ക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയായും ആകാശത്തെ മേൽപുരയാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞു തന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്ക്കനികൾ ഉല്പാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം അറിഞ്ഞു കൊണ്ട്) നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്. [വി.ഖു. 2:21-22]

ഈ യാഥാർത്ഥ്യം വ്യക്തമാക്കാനായി അല്ലാഹു ധാരാളം പ്രവാചകന്മാരെ നിയോഗിക്കുകയും വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയുംചെയ്തു. അതിന്നായി അവർ പ്രബോധനം നടത്തി. വിശ്വാസ വൈകല്യങ്ങളെ കരുതിയിരിക്കാനവർ മുന്നറിയിപ്പുനൽകി. അല്ലാഹു പറയുന്നു:

﴿وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ﴾

النحل:٣٦

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് പ്രബോധനം ചെയ്യുന്നതിനു വേണ്ടി. [വി.ഖു. 16:36]

﴿وَمَا أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلاَّ نُوحِي إِلَيْهِ أَنَّهُ لاَ إِلَهَ إِلاَّ أَنَا فَاعْبُدُونِ﴾

الأنبياء:٢٥

ഞാനല്ലാതെ ഒരു ആരാധ്യനുമില്ല, അതിനാൽ എന്നെ നിങ്ങൾ ആരാധിക്കുവിൻ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പ് ഒരുദൂതനെയും നാം അയച്ചിട്ടില്ല. [വി.ഖു. 21:25]

﴿كِتَابٌ أُحْكِمَتْ آيَاتُهُ ثُمَّ فُصِّلَتْ مِن لَّدُنْ حَكِيمٍ خَبِيرٍ أَن لاَّ تَعْبُدُوا إِلاَّ اللَّهَ إِنَّنِي لَكُمْ مِنْهُ نَذِيرٌ مُّبِينٌ﴾ هود:١٢

ഒരു പ്രമാണ ഗ്രന്ഥമത്രെ ഇത്, അതിലെ വചനങ്ങൾ

ആശയ ഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വിശദീകരിക്കപ്പെട്ടിരിക്കുന്നു. യുക്തിമാനും സൂക്ഷ്മജ്ഞാനിയുമായുള്ള അല്ലാഹുവിൻെറ അടുക്കൽ നിന്നുള്ളതത്രെ ഇത്. എന്നാൽ അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. തീർച്ചയായും അവങ്കൽ നിന്ന് നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട താക്കീതുകാരനും സന്തോഷവാർത്തക്കാരനുമത്രെ ഞാൻ. [വി.ഖു. 11:12]

ഒരടിമ തൻെറ പ്രാർത്ഥന, ഭയം, പ്രത്യാശ,ബലി, നേർച്ചകൾ, നമസ്കാരം, നോമ്പ്, ഹജ്ജ് പോലുള്ള സർവ്വ ആരാധനകളും അല്ലാഹുവിന് മാത്രമായി സമർപ്പിക്കുമ്പോഴാണ് മേൽപറയപ്പെട്ട യാഥാർത്ഥ്യം സാക്ഷാത്കരിക്കപ്പെടുന്നത്. അല്ലാഹുവിൻെറ മഹത്വം മനസ്സിലാക്കി അവനെ സ്നേഹിക്കുകയും അവനിൽ പ്രതീക്ഷയർപ്പിച്ചും അവൻെറ ശിക്ഷയെ ഭയപ്പെട്ടും ജീവിക്കുക എന്നതും ആരാധനയുടെ അനിവാര്യ ഘടകം തന്നെയാണ്.

ഈ മഹത്തായ അടിസ്ഥാന വിഷയത്തിലാണ് വിശുദ്ധ ഖുർആനിൻെറ മുഖ്യഭാഗവും അവതരിച്ചിട്ടുള്ളത്.

﴿فَاعْبُدِ اللَّهَ مُخْلِصًا لَهُ الدِّينَ أَلَا لِلَّهِ الدِّينُ الْخَالِصُ﴾ الزمر:٢-٣

അതിനാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ നീ ആരാധിക്കുക. അറിയുക നിഷ്കളങ്കമായ കീഴ്‌വണക്കം അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു. [വി.ഖു. 39:2-3]

﴿وَقَضَى رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ﴾ الإسراء:٢٣

തന്നെയല്ലാതെ ആരാധിക്കരുതെന്ന് നിൻെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു. [വി.ഖു. 17:23]

﴿فَادْعُوا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ﴾ المؤمن:١٤

അതിനാൽ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക, അവിശ്വാസികൾക്ക് അനിഷ്ടകരമായാലും ശരി. [വി.ഖു. 40:14]

മുആദ് (റ) ൽ നിന്ന് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ടു ചെയ്ത ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു; നബി (സ്വ) പറഞ്ഞു: അടിമകളിൽ നിന്നും അല്ലാഹുവിനു ലഭിക്കേണ്ട അവകാശമാണ്

അവനെ മാത്രം ആരാധിക്കുക എന്നതും അവനിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുക എന്നതും.

അല്ലാഹു അടിമകളോട് ആവശ്യപ്പെടുന്ന എല്ലാകാര്യങ്ങളും വിശ്വസിക്കുകയും അവരോട് നിർബന്ധമായും അനുഷ്ഠിക്കാൻ ചുമതലപ്പെടുത്തിയ അഞ്ചു ഇസ്ലാം കാര്യങ്ങളിൽ വിശ്വസിക്കുക എന്നുള്ളതും അല്ലാഹുവിൽ വിശ്വസിക്കുക എന്നുള്ളതിന്റെ പരിധിയിൽ പെടുന്നു. ഇസ്ലാം കാര്യങ്ങൾ താഴെ പറയുന്നവയാണ്.

അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹെമ്മദ് നബി (സ) അല്ലാഹുവിന്റെ ദൂതനാണെന്നും ജീവിതത്തിലൂടെ അംഗീകരിച്ചു സാക്ഷ്യപ്പെടുത്തൽ, നമസ്കാരം കൃത്യതയോടെ അനുഷ്ഠിക്കൽ, സകാത്ത് (നിർബന്ധ ദാനം) നൽകൽ, റമദാനിൽ വ്രതമനുഷ്ഠിക്കൽ, കഴിവുള്ളവൻ ഹജ്ജ് നിർവ്വഹിക്കൽ.

എന്നാൽ മേൽപറയപ്പെട്ട കാര്യങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും മുഖ്യമായതും അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹെമ്മദ് നബി (സ) അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സാക്ഷ്യവാക്യമാകുന്നു. أشهد أن لا إله إلا الله എന്നുള്ളത് ആരാധനകൾ മുഴുവൻ അല്ലാഹുവിനു മാത്രമായി ആത്മാർത്ഥതയോടെ നിർവ്വഹിക്കാനും അവനല്ലാത്തവർക്കുള്ള ആരാധനകൾ നിഷേധിക്കുകയും അവ കയ്യൊഴിക്കാനും മനുഷ്യരോടാവശ്യപ്പെടുന്നു. ഇതാകുന്നു لا إله إلا الله എന്നതിന്റെ താൽപര്യം. അതായത് അല്ലാഹുവല്ലാതെ ആരാധിക്കപ്പെടാൻ അർഹതയുള്ള ഒരു معبود ഉം (ആരാധ്യനും) ഇല്ല എന്നതും അല്ലാഹുവല്ലാതെ ആരാധിക്കപ്പെട്ടു കൊണ്ടിരിക്കുന്ന മനുഷ്യർ, മലക്കുകൾ, ജിന്നുകൾ, മറ്റുവസ്തുക്കൾ ഇവയെല്ലാം അർത്ഥശൂന്യമാണെന്നും മനുഷ്യരിൽ ഊട്ടിയുറപ്പിക്കുന്നു. അല്ലാഹു പറയുന്നു:

﴿ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِنْ دُونِهِ الْبَاطِلُ﴾ لقمان: ٣٠

എന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവന്നു പുറമെ അവർ വിളിച്ചു പ്രാർത്ഥിക്കുന്നതെല്ലാം വ്യർത്ഥമാകുന്നു. [വി.ഖു. 31:30]

ഇതെ ലക്ഷ്യത്തിലാണ് അല്ലാഹു മനുഷ്യ വർഗത്തെയും ജിന്നു വർഗത്തെയും സൃഷ്ടിക്കുകയും, പ്രസ്തുതലക്ഷ്യം പൂർത്തികരിക്കുന്നതിനായി പ്രവാചകരെ അയക്കുകയും ചെയ്തത് എന്ന വസ്തുത നേരത്തെ വിവരിച്ചിട്ടുള്ളതാണ്. അതുകൊണ്ട് തന്നെ

ഇക്കാര്യത്തിൽ അങ്ങേയറ്റത്തെ ശ്രദ്ധയും ചിന്തയും അത്യാവശ്യമാണ്. കാരണം, മുസ്ലിം എന്നവകാശപ്പെടുന്ന മഹാഭൂരിഭാഗം ആളുകളും അജ്ഞതമൂലം ഈ അടിസ്ഥാന യാഥാർത്ഥ്യത്തിൽ നിന്ന് തെറ്റിപ്പോവുകയും അല്ലാഹുവോടൊപ്പം മറ്റു പലതിനെയും ആരാധിക്കുകയും, അല്ലാഹുവിനു മാത്രം അവകാശപ്പെട്ട ആരാധന മറ്റുള്ളവരിലേക്ക് തിരിച്ചു വിട്ടുകൊണ്ടിരിക്കുകയുമാണ്. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ.

അല്ലാഹുവാണ് ലോകത്തിന്റെ സ്രഷ്ടാവും സംരക്ഷകനും, അവന്റെ തീരുമാനവും കഴിവും മാത്രമാണ് ലോകത്തെ ചലിപ്പിക്കുന്നത്, അവനാണ് ഇഹപര ലോകങ്ങളുടെ ഉടമസ്ഥൻ, അവനെ കൂടാതെ ഒരു രക്ഷകനുമില്ല, അവനാണ് സൃഷ്ടികളെ സംസ്കരിക്കുന്നതിനും ഇഹപര വിജയം ലഭ്യമായിത്തിരുന്നതിലേക്ക് ക്ഷണിക്കുന്നതിനും വേണ്ടി പ്രവാചകന്മാരെ നിയോഗിച്ചതും, ഗ്രന്ഥങ്ങൾ ഇറക്കിയതും. മേൽപറയപ്പെട്ട കാര്യങ്ങളിൽ അവനു യാതൊരു പങ്കുകാരുമില്ല എന്നീ വിശ്വാസവും അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഭാഗം തന്നെയാണ്. അല്ലാഹു പറയുന്നു:

﴿اللَّهُ خَالِقُ كُلِّ شَيْءٍ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ﴾ الزمر:٦٢

അല്ലാഹു എല്ലാവസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാവസ്തുക്കളുടെ മേലും കൈകാര്യ കർത്താവുമാകുന്നു. [വിഖു. 39:62]

﴿إِنَّ رَبَّكُمُ اللَّهُ الَّذِي خَلَقَ السَّمَوَاتِ وَالأَرْضَ فِي سِتَّةِ أَيَّامٍ ثُمَّ اسْتَوَى عَلَى الْعَرْشِ يُغْشِي اللَّيْلَ النَّهَارَ يَطْلُبُهُ حَثِيثًا وَالشَّمْسَ وَالْقَمَرَ وَالنُّجُومَ مُسَخَّرَاتٍ بِأَمْرِهِ أَلاَ لَهُ الْخَلْقُ وَالأَمْرُ تَبَارَكَ اللَّهُ رَبُّ الْعَالَمِينَ﴾ الأعراف:٥٤

തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറു ദിവസങ്ങളിലായി (ഘട്ടങ്ങളിലായി) ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു. രാത്രിയെ കൊണ്ടവൻ പകലിനെ മൂടുന്നു. ദ്രുതഗതിയിൽ അത് പകലിനെ തേടിച്ചെല്ലുന്നു, സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും തന്റെ കൽപനക്ക് വിധേയമാക്കപ്പെട്ട നിലയിൽ (അവൻ സൃഷ്ടിച്ചിരിക്കുന്നു).

അറിയുക, സൃഷ്ടിപ്പും ശാസനാധികാരവും അവനു തന്നെയാണ്, ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനായിരിക്കുന്നു. [വി.ഖു. 7:54].

അല്ലാഹു തൻെറ ഗ്രന്ഥത്തിലൂടെ അറിയിച്ചതും പ്രവാചകനിലൂടെ സ്ഥിരപ്പെടുത്തിയതുമായ അവൻെറ മഹത്തായ നാമങ്ങളിലും വിശേഷണങ്ങളിലും വിശ്വസിക്കുക എന്നതും അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ പൂർണ്ണതക്ക് ആവശ്യമായതാണ്. അവൻെറ നാമങ്ങളിലും വിശേഷണങ്ങളിലും വിശ്വസിക്കേണ്ടത്; ഏതു രൂപത്തിലാണോ പ്രമാണങ്ങളിൽ (ഖുർആനിലും ഹദീഥിലും) വിവരിക്കപ്പെട്ടിരിക്കുന്നത് അതിനു യാതൊരു മാറ്റത്തിരിത്തലും സാദൃശ്യപ്പെടുത്തലും നിരാകരിക്കലും ഒരുനിലക്കും പാടില്ലാത്തതാണ് എന്ന ബോധത്തോടു കൂടിയായിരിക്കൽ നിർബന്ധമാണ്. അവൻെറ വിശേഷണങ്ങൾ ഒരുനിലക്കും സൃഷ്ടികളോട് ഉപമിച്ചു കൂടാത്തതാണ്. അല്ലാഹു പറയുന്നു:

﴿لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ﴾ الشورى:١١

അവനു തുല്യമായി യാതൊന്നുമില്ല, അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു. [വി.ഖു. 42:11]

﴿فَلَا تَضْرِبُوا لِلَّهِ الْأَمْثَالَ إِنَّ اللَّهَ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ﴾ النحل:٧٤

ആകയാൽ അല്ലാഹുവിന് നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല. [വി.ഖു. 16:74].

മേൽപറയപ്പെട്ടതാണ് അഹ്ലുസ്സുന്നത്തി വൽജമാഅത്തിൻെറ വിശ്വാസം. നബിയുടെ സ്വഹാബികളിൽ നിന്നും അവരെ തുടർന്നുവന്ന താബിഉകളിൽ നിന്നും ഇക്കാര്യം ഇമാം അബുൽഹസനിൽ അശ്അരി തൻെറ "അഹ്ലുസ്സുന്നത്തിൻെറയും അഹ്ലുൽ ഹദീഥിൻെറയും വാക്കുകൾ" (المقالات عن أصحاب الحديث وأهل السنة) എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

മറ്റു പല മഹാന്മാരുടെയും ഉദ്ധരണികളിൽ നിന്നും ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്.

ഇമാം ഔസാഈ (റ) പറയുന്നു: ഇമാമുകളായ സുഹ്രി, മക്ഹൂൽ എന്നിവരോട് അല്ലാഹുവിൻെറ സ്വിഫാത്തുകൾ (വിശേഷണ

ങ്ങൾ) ഉൾകൊള്ളുന്ന ആയത്തുകളെ സംബന്ധിച്ച് ചോദിക്കപ്പെട്ടപ്പോൾ അവർ രണ്ടുപേരും പറഞ്ഞത് അവ "ആയത്തുകളിൽ പറയപ്പെട്ട പ്രകാരം തന്നെ" എന്നാണ്. വലീദുബ്നുൽമുസ്ലിം പറയുന്നു: ഇമാമുകളായ മാലിക്, ഔസാഈ, ലൈഥുബ്നു സഅദ്, സുഫ്യാനു ഥൗരി (റ) എന്നിവരോട് അല്ലാഹുവിൻെറ സ്വിഫാത്തുകളെ സംബന്ധിച്ച് ചോദിക്കപ്പെട്ടപ്പോൾ അവർ പറഞ്ഞു: യാതൊരു മാറ്റത്തിരുത്തലും കൂടാതെ എപ്രകാരമാണോ സ്ഥിരപ്പെട്ടത് അപ്രകാരം തന്നെ പറയണം" എന്നാണ്.

ഇമാം ഔസാഈ പറയുന്നു: ഞങ്ങൾ താബിഉകൾ എല്ലാം ഇപ്രകാരം പറയുന്നവരാണ് "അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ടനാണ്. അവൻെറ വിശേഷണങ്ങൾ ഹദീഥുകളിൽ വന്നപോലെ ഞങ്ങൾ വിശ്വസിക്കുന്നു.

ഇമാം മാലിക് (റ) ൻെറ ഉസ്താദായ റബീഅത്തുബ്നു അബ്ദിർ-റഹ്മാനോട് (സിംഹാസനത്തിൽ) ഉപവിഷ്ടനായി എന്നതിനെ സംബന്ധിച്ച് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഉപവിഷ്ടനായി എന്നത് അറിയപ്പെട്ടത് തന്നെ. അതിൻെറ രൂപം അറിയപ്പെടാത്തതുമാണ്. അല്ലാഹു തൻെറ സന്ദേശം മുഹെമ്മദ് നബി (സ്വ) ക്ക് നൽകി, പ്രവാചകൻ (സ്വ) എത്തിച്ചു കൊടുത്തു, അത് വിശ്വസിക്കാൻ നാം കടമപ്പെട്ടിരിക്കുന്നു.

ഇമാം മാലിക് (റ) ഇക്കാര്യത്തിൽ പറഞ്ഞ വാക്കുകൾ താഴെ പറയുന്നു:

"الاستواء معلوم والكيف مجهول والإيمان به واجب والسؤال عنه بدعة"

ഉപവിഷ്ടനായി എന്നത് അറിയപ്പെടതാണ്, അതിൻെറ രൂപം അറിഞ്ഞുകൂട, അതിൽ വിശ്വസിക്കൽ നിർബന്ധമാണ്, അതിനെ (രൂപത്തെ) കുറിച്ചുള്ള ചോദ്യങ്ങൾ ബിദ്അത്തുമാണ്. പിന്നീട് ചോദ്യകർത്താവിനോടായി പറഞ്ഞു: ഞാൻ നിന്നെ ഒരു മോശപ്പെട്ട വ്യക്തിയായി മാത്രമേ കാണുന്നുള്ളൂ. അതുകൊണ്ട് (ഈ സദസ്സിൽ നിന്ന്) പുറത്തു പോവുക. ഇതേ ആശയം ഉമ്മുൽമുഅ്മിനീൻ ഉമ്മുസലമഃ (റ) യിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

ഇമാം അബൂഅബ്ദിർ റഹ്മാൻ അബ്ദില്ലാഹിബ്നു മുബാറക് (റ) പറയുന്നു: അല്ലാഹു ആകാശങ്ങൾക്കു മുകളിൽ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്നു, അവൻ സൃഷ്ടികളോട് എല്ലാ നിലയിലും അകന്നവനാണ്താനും.

ഇമാമുകളുടെ വാക്കുകൾ ഈ വിഷയത്തിൽ നിരവധിയാണ്. അവയെല്ലാം ഇവിടെ ഉദ്ധരിക്കൽ അസാധ്യമാണ്താനും. കൂടുതൽ പ

റിക്കാൻ ആഗ്രഹിക്കുന്നവർ ഈ വിഷയത്തിൽ താഴെ പറയുന്ന പണ്ഡിതരുടെ ഗ്രന്ഥങ്ങൾ അവലംബിക്കാവുന്നതാണ്. ഇമാം അബ്ദില്ലാഹിബ്നു ഇമാം അഹ്മദിൻെറ "കിതാബുസ്സുന്ന", ഇമാം മുഹമ്മദ് ബ്നു ഖുസൈമഃയുടെ "കിതാബുത്തൗഹീദ്", ഇമാം അബുൽഖാസിം ത്വബ്രീ ലാലകാഈയുടെ "കിതാബുസ്സുന്ന", ഇമാം അബൂബകറുബ്നു അബീ ആസ്വിമിൻെറ "കിതാബുസ്സുന്ന", ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യഃയുടെ "വിമർശകർക്കുള്ള മറുപടി".

ഇബ്നു തൈമിയ്യഃ (റ) തൻെറ ഗ്രന്ഥത്തിൽ അഹ്ലുസ്സുന്നത്തി വൽജമാഅത്തിൻെറ വിശ്വാസങ്ങൾ വളരെ വ്യക്തമായ നിലയിൽ പ്രതിപാതിച്ചിട്ടുണ്ട്. ബുദ്ധിപരമായും തെളിവിൻെറ അടിസ്ഥാനത്തിലും വമർശകരുടെ പൊള്ളവാദങ്ങളെ വളരെ ശക്തിയുക്തം ഖണ്ഡിച്ചിട്ടുണ്ട്. സത്യം പിൻപറ്റാൻ ആഗ്രഹിക്കുന്നവർക്ക് അഹ്ലുസ്സുന്നത്തി വൽജമാഅത്തിൻെറ വിശ്വാസങ്ങൾ പ്രസ്തുത കൃതിയിൽ നിന്നും കണ്ടെത്താവുന്നതാണ്.

അല്ലാഹുവിൻെറ നാമങ്ങളിലും വിശേഷണങ്ങളിലുമുള്ള അഹ്ലുസ്സുന്നത്തി വൽജമാഅത്തിൻെറ വിശ്വാസത്തോട് വിയോജിപ്പുള്ളവർ യഥാർത്ഥത്തിൽ ശരീഅത്ത് നിയമങ്ങളിൽ സ്ഥിരപ്പെട്ട തെളിവുകളോടും ബുദ്ധിപരമായ തെളിവുകളോടു തന്നെയും വിയോജിപ്പു പുലർത്തുന്നവരാണ്.

എന്നാൽ അഹ്ലുസ്സുന്നത്തി വൽജമാഅത്തിൻെറ വിശ്വാസം; അല്ലാഹുവിൻെറ ഗുണ നാമ വിശേഷണങ്ങൾ എപ്രകാരമാണോ അവൻെറ ഗ്രന്ഥത്തിലൂടെയും പ്രവാചകനിലൂടെയും ജനങ്ങളിലേക്ക് എത്തിച്ചു തന്നത്, അതിന് ഒരുവിധത്തിലുള്ള ഉപമയും മാറ്റത്തിരുത്തലും വ്യാഖ്യാനവും കൂടാതെ അങ്ങിനെത്തന്നെ വിശ്വസിച്ചു പോരുക എന്നതാണ്. അതുകൊണ്ടു തന്നെ ശക്തമായ തെളിവുകളുടെ പിൻബലത്തോടെ നിലനിൽക്കാനും വൈരുദ്ധ്യങ്ങളിൽ നിന്ന് രക്ഷപ്പെടാനും അവർക്ക് സാധിച്ചിട്ടുണ്ട്. സത്യമാർഗം അവലംബിക്കുന്നവരെയും അതിനു വേണ്ടി പരിശ്രമിക്കുന്നവരെയും അത് അന്വേഷിക്കുന്നവരെയും അല്ലാഹു പ്രസ്തുത വിഷയത്തിൽ സഹായിക്കുക തന്നെ ചെയ്യും. ഇത് അവൻെറ ഒരു (തീരുമാനം) നടപടിക്രമം തന്നെയാണ്. അല്ലാഹു പറയുന്നു:

﴿بَلْ نَقْذِفُ بِالْحَقِّ عَلَى الْبَاطِلِ فَيَدْمَغُهُ فَإِذَا هُوَ زَاهِقٌ﴾ الأنبياء:١٨

**എന്നാൽ നാം സത്യത്തെ എടുത്ത് അസത്യത്തിൻെറ നേർക്ക് എറിയുന്നു. അങ്ങിനെ അസത്യത്തെ അത് തകർത്തു കളയുന്നു. അതോടെ അസത്യം നാശമടയുകയായി [വി.ഖു. 21:18]**

﴿وَلَا يَأْتُونَكَ بِمَثَلٍ إِلَّا جِئْنَاكَ بِالْحَقِّ وَأَحْسَنَ تَفْسِيرًا﴾ الفرقان:٣٣

**അവർ ഏതൊരു പ്രശ്നവും കൊണ്ട് നിൻെറയടുത്ത് വരികയാണെങ്കിലും അതിൻെറ യാഥാർത്ഥ്യവും ഏറ്റവും നല്ല വിവരണവും നിനക്ക് നാം കൊണ്ടുവന്ന് തരാതിരിക്കില്ല.** [വി.ഖു. 31:33]

ഈ വിഷയത്തിൽ പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ ഹാഫിദ് ഇബ്നു കഥീർ (റ) തൻെറ തഫ്സീറിൽ **"തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറുദിവസങ്ങളിലായി ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു, എന്നിട്ടവൻ സിംഹാസനസ്ഥനായിരിക്കുന്നു"** [വി.ഖു. 7:54] എന്ന ആയത്തിൻെറ വിവരണത്തിൽ രേഖപ്പെടുത്തിയത് ഇവിടെ പ്രസക്തമാണ്:

"ഈ വിഷയത്തിൽ ജനങ്ങൾക്ക് ഒരുപാട് അഭിപ്രായങ്ങൾക്ക് ഇവിടെ സ്ഥാനമുണ്ട് എന്ന് എനിക്കറിയാം. എന്നാൽ വ്യാഖ്യാനങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല. മുൻഗാമികളും അവരെ പിൻതുടർന്നവരായ സലഫുസ്സ്വാലിഹുകളുമായ ഇമാമുകൾ; മാലിക്, ഔസാഈ, ഥൗരീ, ലൈഥ്ബ്നു സഅദ്, ശാഫിഈ, അഹ്മദ്, ഇസ്ഹാഖുബ്നു റാഹവൈഹി (റ) എന്നീ മഹാന്മാരുടെ മാർഗം സ്വീകരിക്കുക മാത്രമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. യാതൊരുവിധ ഉപമയോ വ്യാഖ്യാനമോ മാറ്റത്തിരുത്തലോ കൂടാതെ എപ്രകാരമാണോ പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടിട്ടുള്ളത് അത് അങ്ങിനെത്തന്നെ നാമും പിന്തുടരുന്നു. കാരണം, അല്ലാഹു അവൻ ഒരു നിലക്കും സൃഷ്ടികളോട് സദൃശനല്ല. അവനെപ്പോലെ ഒന്നും തന്നെയില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണ്. ഇമാം ബുഖാരിയുടെ ഉസ്താദായ നഈമുബ്നു ഹമ്മാദിൽ ഖുസാഈയുടെ വാക്കുകൾ ഇപ്രകാരമാണ്.

ومن شبّه الله بخلقه كفر ومن جحد ما وصف الله به نفسه فقد كفر وليس فيما وصف الله

به نفسه ولا رسولُهُ تشبيه فمن أثبت لله تعالى ما وردت به الآيات الصريحة والأخبار

الصحيحة على الوجه الذي يليق بجلال الله ونفى عن الله تعالى النقائص فقد سلك سبيل الهدى، (تفسير ابن كثير ج ٢ ص ٢٤٦)

വല്ലവനും അല്ലാഹുവിനെ സൃഷ്ടികളോടുപമിച്ചാൽ അവൻ കാഫിറായി. അല്ലാഹു അവന്ന് നൽകിയ വിശേഷണങ്ങളെ വല്ലവനും നിഷേധിച്ചാൽ അവനും കാഫിറായിത്തീർന്നു. അല്ലാഹുവോ റസൂലോ അറിയിച്ചു തന്ന വിശേഷണങ്ങൾക്കപ്പുറമായി അല്ലാഹുവിന് മറ്റു യാതൊരു ഉപമകൾക്കും സ്ഥാനമില്ലാത്തതാകുന്നു. ആയത്തുകളിൽ നിന്നും ഹദീഥുകളിൽ നിന്നും മനസ്സിലാകുന്ന വിധം അല്ലാഹുവിൻെറ മഹത്വങ്ങളും സ്വിഫാത്തുകളും അംഗീകരിക്കുന്നവൻ സന്മാർഗം പ്രാപിച്ചവനായിത്തീർന്നു. *(ഇബ്നു കഥീർ 2/246).*

## 2-മലക്കുകളിലുള്ള വിശ്വാസം

മലക്കുകളെ സംബന്ധിച്ച് മൊത്തത്തിലും വിശദമായും വിശ്വസിക്കൽ അനിവാര്യമാണ്. അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ട അല്ലാഹുവിൻെറ സൃഷ്ടികളാണ് മലക്കുകൾ എന്ന് ഓരോ മുസ്ലിമും വിശ്വസിച്ചിരിക്കൽ നിർബന്ധമാണ്. അവരുടെ വിശേഷണങ്ങൾ;

﴿بَلْ عِبَادٌ مُّكْرَمُونَ لَا يَسْبِقُونَهُ بِالْقَوْلِ وَهُم بِأَمْرِهِ يَعْمَلُونَ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يَشْفَعُونَ إِلَّا لِمَنِ ارْتَضَىٰ وَهُم مِّنْ خَشْيَتِهِ مُشْفِقُونَ﴾

الأنبياء:٢٦-٢٨

"അവർ മാന്യന്മാരായ അടിമകളാണ്, അവർ അവനെ (അല്ലാഹുവിനെ) മറികടന്നു സംസാരിക്കുകയില്ല, അവൻെറ കൽപനയനുസരിച്ചു മാത്രം അവർ പ്രവർത്തിക്കുന്നു. അവരുടെ മുമ്പിലുള്ളതും പിമ്പിലുള്ളതും അവൻ അറിയുന്നു. അവൻ തൃപ്പിപ്പെട്ടവർക്കു വേണ്ടിയല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല. അവരാകട്ടെ അവനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവരാകുന്നു. [വി.ഖു. 21:26-28]

മലക്കുകൾ ധാരാളം വിഭാഗങ്ങളുണ്ട്. അല്ലാഹുവിൻെറ സിംഹാസനം ചുമക്കാൻ ഏൽപിക്കപ്പെട്ടവർ സ്വർഗത്തിൻെറയും നരകത്തിൻെറയും കാവൽക്കാർ മനുഷ്യരുടെ പ്രവർത്തനങ്ങൾ രേഖ

പ്പെടുത്തി സൂക്ഷിക്കുന്നവർ എന്നിവ അവരിൽ പ്രധാനപ്പെട്ട വിഭാഗങ്ങളാണ്.

അല്ലാഹുവും റസൂലും പറഞ്ഞുതന്നവരെ നാം വിശദമായി മനസ്സിലാക്കുന്നു. ജിബ്രീൽ, മീകാഈൽ, നരകം കാക്കുന്ന മാലിക്, സൂർ (കാഹളം) ഊതുവാൻ ഏൽപിക്കപ്പെട്ട ഇസ്റാഫീൽ എന്നിവരെ സംബന്ധിച്ച് സ്വഹീഹായ ഹദീഥുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

മലക്കുകളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ആഇശഃ (റ) പറഞ്ഞു തരുന്ന ഹദീഥ് ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്യുന്നത് ഇപ്രകാരമാണ്. നബി (സ) പറഞ്ഞു: മലക്കുകൾ പ്രകാശത്താലും ജിന്നുകൾ തീജ്വാലയാലും ആദം (മനുഷ്യൻ) നിങ്ങൾക്കു വിവരിച്ചു തന്നവയാലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. [മുസ്ലിം]

## 3-കിതാബുകളിലുള്ള വിശ്വാസം

അല്ലാഹുവിൽ നിന്നുള്ള സത്യസന്ദേശം ജനങ്ങൾക്ക് എത്തിക്കുന്നതിനു വേണ്ടി അല്ലാഹു അവൻെറ പ്രവാചകന്മാരിലൂടെ ഗ്രന്ഥങ്ങൾ (കിതാബുകൾ) ഇറക്കിയിട്ടുണ്ട് എന്ന് ഓരോ മുസ്ലിമും വിശ്വസിച്ചിരിക്കൽ നിർബന്ധമാണ്. അല്ലാഹു പറയുന്നു:

﴿وَلَقَدْ أَرْسَلْنَا رُسُلَنَا بِالْبَيِّنَاتِ وَأَنْزَلْنَا مَعَهُمُ الْكِتَابَ وَالْمِيزَانَ لِيَقُومَ النَّاسُ بِالْقِسْطِ﴾ الحديد: ٢٥

തീർച്ചയായും നാം നമ്മുടെ ദൂതന്മാരെ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ട് അയക്കുകയുണ്ടായി, ജനങ്ങൾ നീതിപൂർവ്വം നിലകൊള്ളുവാൻവേണ്ടി അവരോടൊപ്പം നാം വേദഗ്രന്ഥവും തുലാസും ഇറക്കിക്കൊടുക്കുകയും ചെയ്തു. [വി.ഖു. 57:25]

﴿كَانَ النَّاسُ أُمَّةً وَاحِدَةً فَبَعَثَ اللَّهُ النَّبِيِّينَ مُبَشِّرِينَ وَمُنْذِرِينَ وَأَنْزَلَ مَعَهُمُ الْكِتَابَ بِالْحَقِّ لِيَحْكُمَ بَيْنَ النَّاسِ فِيمَا اخْتَلَفُوا فِيهِ﴾ البقرة: ٢١٣

മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു, അനന്തരം (അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. അവർ (ജന

ങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പു കൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചു കൊടുത്തു. [വി.ഖു. 2:213]

കിതാബുകളിൽ അല്ലാഹു പേരു പറഞ്ഞുതന്നവയിൽ നാം വിശദമായി വിശ്വസിക്കേണ്ടതാണ്. തൗറാത്, ഇഞ്ചീൽ, സബൂർ, ഖുർആൻ എന്നിവയാണവ.

വിശുദ്ധ ഖുർആൻ: ഗ്രന്ഥങ്ങളിൽ ശ്രേഷ്ഠവും അവസാനത്തെതുമാണത്. മറ്റു ഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നതും അല്ലാഹുവിനാൽ മേൽനോട്ടം വഹിക്കുന്നതുമാണത്. അത് പിൻപറ്റുകയും അതനുസരിച്ച് ജീവിക്കുകയും ജീവിതത്തിൽ അതിലൂടെ തീർപ്പു കൽപിക്കുകയും ചെയ്യൽ മുഴുവൻ മനുഷ്യരുടെയുവം ബാധ്യതയാണ്. കാരണം, അല്ലാഹു മുഹെമ്മദ് നബി (സ്വ) യെ മുഴുവൻ ആളുകളിലേക്കു (ജിന്ന്, മനുഷ്യർ) മായാണ് പ്രവാചകനായി നിയോഗിച്ചിട്ടുള്ളത്. അവർക്കിടയിൽ തീർപ്പു കൽപിക്കുന്നതിനായി അവൻ പ്രവാചകന് ഖുർആൻ ഇറക്കിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. അത് സത്യവിശ്വാസികൾക്ക് കാരുണ്യവും മനസ്സുകൾക്ക് ശമനവുമായി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

﴿وَهَٰذَا كِتَابٌ أَنزَلْنَاهُ مُبَارَكٌ فَاتَّبِعُوهُ وَاتَّقُوا لَعَلَّكُمْ تُرْحَمُونَ﴾ الأنعام:١٥٥

ഇതാകട്ടെ നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഗ്രന്ഥമത്രെ. അതിനെ നിങ്ങൾ പിൻപറ്റുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം. [വി.ഖു. 6:155]

﴿وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِّكُلِّ شَيْءٍ وَهُدًى وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ﴾

النحل:٨٩

എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്കു നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്. [വി.ഖു. 16:89]

﴿قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا الَّذِي لَهُ مُلْكُ السَّمَاوَاتِ
وَالْأَرْضِ لَا إِلَٰهَ إِلَّا هُوَ يُحْيِي وَيُمِيتُ فَآمِنُوا بِاللَّهِ وَرَسُولِهِ النَّبِيِّ الْأُمِّيِّ الَّذِي

يُؤْمِنُ بِاللَّهِ وَكَلِمَاتِهِ وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ﴾ الأعراف:١٥٨

പറയുക, മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേ ക്കെല്ലാമുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു. ആകാശങ്ങളു ടെയും ഭൂമിയുടെയും ആധിപത്യം ഏതൊരാൾക്കാണോ അ വൻെറ (ദൂതൻ), അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കു വിൻ, അതെ അല്ലാഹുവിലും അവൻെറ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ, അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ, നിങ്ങൾക്ക് നേർമാർ ഗം പ്രാപിച്ചേക്കാം. [വി.ഖു. 7:158]

## 4-പ്രവാചകന്മാരിലുള്ള വിശ്വാസം

ജനങ്ങളെ സത്യത്തിലേക്ക് ക്ഷണിക്കുന്നതിനും സത്യമംഗീകരി ക്കുന്നവർക്ക് സന്തോഷവാർത്തയറിയിക്കുന്നതിനും, ധിക്കരിക്കുന്ന വർക്ക് മുന്നറിയിപ്പു നൽകുന്നതിനുമായി അല്ലാഹു പ്രവാചകന്മാ രെ നിയോഗിച്ചിട്ടുണ്ട് എന്ന് മൊത്തത്തിലും വിശദമായും മനസ്സി ലാക്കി വിശ്വസിച്ചിരിക്കൽ ഓരോ മുസ്‌ലിമിനും നിർബന്ധമാണ്.

പ്രവാചകന്മാരെ അംഗീകരിച്ചു പിൻപറ്റി ജീവിച്ചവർ വിജയിക ളും അവരെ ധിക്കരിച്ചു ജീവിച്ചവർ പരാജിതരുമായിരിക്കും. പ്രവാ ചകന്മാരിൽ ശ്രേഷ്ഠനും അവസാനത്തെ വ്യക്തിയുമാണ് മഹാ നായ മുഹമ്മദ് നബി (സ്വ).

അല്ലാഹു പറയുന്നു:

﴿وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ﴾ النحل:٣٦

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നി യോഗിച്ചിട്ടുണ്ട് നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദു ർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധ നം ചെയ്യുന്നതിനു വേണ്ടി) [വി.ഖു. 16:36]

﴿رُسُلاً مُبَشِّرِينَ وَمُنْذِرِينَ لِئَلاَّ يَكُونَ لِلنَّاسِ عَلَى اللَّهِ حُجَّةٌ بَعْدَ الرُّسُلِ﴾

النساء:١٦٥

സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീതു നൽകുന്ന വരുമായ ദൂതന്മാരായിരുന്നു അവർ, ആ ദൂതന്മാർക്കു ശേഷം ജനങ്ങൾക്ക് അല്ലാഹുവിന്നെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. [വി.ഖു. 4:165]

﴿مَا كَانَ مُحَمَّدٌ أَبَا أَحَدٍ مِّن رِّجَالِكُمْ وَلَكِن رَّسُولَ اللَّهِ وَخَاتَمَ النَّبِيِّينَ﴾

الأحزاب: ٤٠

മുഹമ്മദ് നിങ്ങളിൽ പുരുഷന്മാരിൽ ഒരാളുടെയും പിതാവായിട്ടില്ല, പക്ഷെ അദ്ദേഹം അല്ലാഹുവിൻെറ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു. [വി.ഖു. 33:40]

അല്ലാഹു പേരെടുത്തു പറഞ്ഞവരും നബി (സ്വ) യിൽ നിന്ന് സ്ഥിരപ്പെട്ട രേഖയിലൂടെ വിവരിക്കപ്പെട്ടവരുമായ നൂഹ്, ഹൂദ്, സ്വാലിഹ്, ഇബ്റാഹീം തുടങ്ങിയ പ്രവാചകന്മാരെ വിശദമായി തന്നെ നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. വിശേഷിച്ചും നമ്മുടെ നബിയും പ്രവാചകരിൽ ശ്രേഷ്ഠനുമായ മുഹമ്മദ് നബി (സ്വ) യെ സംബന്ധിച്ചുള്ള പഠനവും വിശ്വാസവും. അല്ലാഹു അവരിൽ സ്വലാതും സലാമും സദാ വർഷിപ്പിക്കുമാറാകട്ടെ.

## 5-അന്ത്യദിനത്തിലുള്ള വിശ്വാസം

മരണാനന്തര വിഷയങ്ങളിൽ അല്ലാഹുവും അവൻെറ പ്രവാചകനും അറിയിച്ചു തന്ന മുഴുവൻ കാര്യങ്ങളും അന്ത്യദിനത്തിലുള്ള വിശ്വാസം എന്നതിൻെറ പരിധിയിൽ ഉൾപെടുന്നു. ഖബ്റിലെ ശിക്ഷാരക്ഷകൾ, അന്ത്യദിനത്തിൻെറ ഭീകരതകൾ, സംഭവവികാസങ്ങൾ, നന്മതിന്മകൾ പരിശോധിക്കൽ, വിചാരണ, പ്രതിഫലവേദി, നന്മതിന്മകൾ രേഖപ്പെടുത്തിയ ഗ്രന്ഥത്തിൻെറ വിതരണം, സജ്ജനങ്ങളുടെ വലംകയ്യിലും ദുർജനങ്ങളുടെ ഇടംകയ്യിലൂടെയോ പിന്നിലൂടെയോ അത് വിതരണം ചെയ്യൽ, മുഹമ്മദ് നബി(സ്വ)ക്ക് അധികാരം നൽകപ്പെടുന്ന ഹൗദുൽകൗഥർ, സ്വർഗ നരകങ്ങൾ, സത്യവിശ്വാസികൾ അല്ലാഹുവിനെ കണ്ടുമുട്ടൽ, സംസാരിക്കൽ എന്നീ കാര്യങ്ങളും വിശുദ്ധഖുർആനിലും സ്വഹീഹായ ഹദീഥുകളിൽ സ്ഥിരപ്പെട്ട മറ്റുകാര്യങ്ങളും അല്ലാഹുവും റസൂലും വിവരിച്ചു തന്നപ്രകാരം സത്യപ്പെടുത്തലും വിശ്വസിക്കലും വിശ്വാസത്തിൻെറ പൂർണ്ണതക്ക് നിർബന്ധമാണ്.

## 6-നന്മതിന്മകൾ അല്ലാഹുവിൻെറ തീരുമാനമാണെന്ന വിശ്വാസം

ഇത് പ്രധാനമായും നാലുകാര്യങ്ങൾ ഉൾകൊള്ളുന്നു.

1-തീർച്ചയായും അല്ലാഹു പ്രപഞ്ചത്തിൽ സംഭവിച്ചതും സംഭവിച്ചു കൊണ്ടിരിക്കുന്നതുമായ എല്ലാകാര്യങ്ങളും അറിയുന്നു. അടിമകളുടെ മുഴുവൻ അവസ്ഥകളും അവൻ മനസ്സിലാക്കുന്നു. അവരുടെ ഉപജീവനം, ആയുസ്സ്, പ്രവർത്തനങ്ങൾ ഇവയൊന്നും തന്നെ അവനിൽ നിന്ന് ഗോപ്യമായിക്കൊണ്ടല്ല സംഭവിക്കുന്നത് എന്ന വിശ്വാസമാണത്. അല്ലാഹു പറയുന്നു:

﴿إِنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ﴾ الأنفال:٧٥

തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു. [വി.ഖു. 8:75]

﴿لِتَعْلَمُوا أَنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ وَأَنَّ اللَّهَ أَحَاطَ بِكُلِّ شَيْءٍ عِلْمًا﴾

الطلاق:١٢

അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു എന്നും ഏതു വസ്തുവെയും ചൂഴ്ന്നവനായിരിക്കുന്നു എന്നും നിങ്ങൾ മനസ്സിലാക്കാൻ വേണ്ടി. [വി.ഖു. 65:12]

2-അല്ലാഹു വിധിക്കുകയും തീരുമാനിക്കുകയും ചെയ്ത മുഴുവൻ കാര്യങ്ങളും അവൻെറ നിർണ്ണയഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം. അല്ലാഹു പറയുന്നു:

﴿قَدْ عَلِمْنَا مَا تَنْقُصُ الأَرْضُ مِنْهُمْ وَعِنْدَنَا كِتَابٌ حَفِيظٌ﴾ ق:٤

അവരിൽ നിന്ന് ഭൂമി ചുരുക്കിക്കൊണ്ടിരിക്കുന്നത് നാം അറിഞ്ഞിട്ടുണ്ട്, തീർച്ച. നമ്മുടെ അടുക്കൽ (വിവരങ്ങൾ) സൂക്ഷ്മമായി രേഖപ്പെടുത്തിയ ഒരു ഗ്രന്ഥമുണ്ട്. [വി.ഖു.50:4]

﴿وَكُلَّ شَيْءٍ أَحْصَيْنَاهُ فِي إِمَامٍ مُبِينٍ﴾ يس:١٢

എല്ലാ കാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വച്ചിരിക്കുന്നു. [വി.ഖു. 36:12]

﴿أَلَمْ تَعْلَمْ أَنَّ اللَّهَ يَعْلَمُ مَا فِي السَّمَاءِ وَالأَرْضِ إِنَّ ذَلِكَ فِي كِتَابٍ إِنَّ ذَلِكَ عَلَى اللَّهِ يَسِيرٌ﴾ الحج: ٧٠

ആകാശത്തിലും ഭൂമിയിലുമുള്ളത് അല്ലാഹു അറിയുന്നുണ്ടെന്ന് നിനക്കറിഞ്ഞുകൂടേ? തീർച്ചയായും അത് ഒരു രേഖയിലുണ്ട്, തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമത്രെ. [വി.ഖു. 22:70]

3-അല്ലാഹുവിൻെറ തീരുമാനങ്ങൾ മാത്രമാണ് ലോകത്ത് നടപ്പിലാകുന്നത് എന്ന വിശ്വാസം. അവൻ ഉദ്ദേശിക്കുന്നത് സംഭവിക്കുന്നു. അവൻ ഉദ്ദേശിക്കാത്തത് ഉണ്ടാകുകയില്ല. അല്ലാഹു പറയുന്നു:

﴿إِنَّ اللَّهَ يَفْعَلُ مَا يَشَاءُ﴾ الحج:١٨

തീർച്ചയായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു. [വി.ഖു. 22:18]

﴿إِنَّمَا أَمْرُهُ إِذَا أَرَادَ شَيْئًا أَنْ يَقُولَ لَهُ كُنْ فَيَكُونُ﴾ يس ٨٢

താൻ ഒരുകാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവൻെറ കാര്യം, അപ്പോഴതാ അതുണ്ടാകുന്നു. [വി.ഖു. 36:82]

﴿وَمَا تَشَاؤُونَ إِلاَّ أَن يَشَاءَ اللَّهُ رَبُّ الْعَالَمِينَ﴾ التكوير:٢٩

ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല. [വി.ഖു. 81:29]

4-അല്ലാഹുവാണ് എല്ലാവസ്തുക്കളുടെയും സ്രഷ്ടാവ്, അവനെ കൂടാതെ ഒരുസ്രഷ്ടാവോ സംരക്ഷകനോ ഇല്ല എന്ന വിശ്വാസം. അല്ലാഹു പറയുന്നു:

﴿اللَّهُ خَالِقُ كُلِّ شَيْءٍ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ﴾ الزمر:٦٢

അല്ലാഹു എല്ലാവസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാവസ്തുക്കളുടെയും കൈകാര്യ കർത്താവുമാകുന്നു. [വി.ഖു. 39:62]

﴿يَا أَيُّهَا النَّاسُ اذْكُرُوا نِعْمَةَ اللَّهِ عَلَيْكُمْ هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُمْ مِن

السَّمَاءِ وَالأَرْضِ لآإِلَهَ إِلاَّ هُوَ فَأَنَّى تُؤْفَكُونَ ﴾ فاطر ٣

മനുഷ്യരേ അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം നിങ്ങൾ ഓർക്കുക, ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ? അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അപ്പോൾ നിങ്ങൾ എങ്ങനെയാണ് തെറ്റിക്കപ്പെടുന്നത്. [വി.ഖു. 35:3]

ഖദ്റിലുള്ള വിശ്വാസം മേൽപറയപ്പെട്ട നാലു കാര്യങ്ങൾ ഉൾകൊള്ളുന്നതാണ് എന്നതാണ് അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസം. മേൽപറഞ്ഞ കാര്യങ്ങളിൽ ചിലത് നിഷേധിക്കുന്ന ബിദ്അത്തുകാരുമായി അക്കാരണത്താൽ വേറിട്ടു നിൽക്കുകയും ചെയ്യുന്നു.

ഈമാൻ എന്നാൽ വാക്കും പ്രവൃത്തിയും ഉൾപെട്ടതാണ്. അല്ലാഹുവിനു കീഴ്പെടുമ്പോൾ അത് വർദ്ധിക്കുകയും അവനെ ധിക്കരിക്കുമ്പോൾ അത് കുറയുകയും ചെയ്യുന്നു എന്നതും വിശ്വാസ കാര്യത്തിൽ ഉൾപെട്ടതാണ്. അതുകൊണ്ട് തന്നെ ശിർകോ കുഫ്റോ അല്ലാത്ത, വ്യഭിചാരം, മദ്യപാനം, പലിശ തുടങ്ങിയ തെറ്റുകൾ അത് അനുവദനീയമാണ് എന്ന വിശ്വാസത്തോടു കൂടിയല്ലാതെ ഒരാളിൽ നിന്നും വന്നുപോയാൽ അവനെ കാഫിർ എന്ന് പറഞ്ഞു കൂടാത്തതാണ്. അല്ലാഹു പറയുന്നു:

﴿إِنَّ اللَّهَ لاَ يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاءُ﴾ النساء:١١٦

തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല തീർച്ച, അതൊഴിച്ചുള്ളത് അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. [വി.ഖു. 4:116]

അപ്രകാരം നബി (സ)യിൽ നിന്നും സ്ഥിരപ്പെട്ടു വന്നിട്ടുള്ള ഹദീഥിൽ ഇപ്രകാരം കാണാവുന്നതാണ്: കടുക്മണിയോളം ഈമാൻ ഹൃദയത്തിലുള്ള ആളുകളെ അല്ലാഹു നരകത്തിൽ നിന്നും (അവസാനം) പുറത്തു കൊണ്ടുവരുന്നതാണ്.

അല്ലാഹുവിനു വേണ്ടി സ്നേഹിക്കലും വെറുക്കലും സഹകരിക്കലും ശത്രുതയിലാകലും അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഭാഗം തന്നെയാണ്. ഒരു വിശ്വാസി ആദർശരംഗത്ത് മറ്റു വിശ്വാസികളെ സ്നേഹിക്കലും സഹകരിക്കലും അവിശ്വാസികളെ വെറുക്കുകയും ആദർശ രംഗത്ത് അവരുമായി ശത്രുത പുലർത്തുന്നു

എന്നതും അവന്റെ വിശ്വാസത്തിന്റെ ഭാഗം തന്നെയാണ്.

വിശ്വാസികളിൽ ഉത്തമരായ സ്വഹാബത്തിനെ അഹ്ലുസ്സുന്നത്തി വൽജമാഅഃ സ്നേഹിക്കുകയും പ്രവാചകന്മാരെ കഴിച്ചാൽ അവരാണ് ലോകത്തിലെ ഏറ്റവും ശ്രേഷ്ഠരെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. നബി (സ്വ) യുടെ വചനം അതിനു പിൻബലം നൽകുകയും ചെയ്യുന്നു.

خير القرون قرني ثم الذين يلونهم ثم الذين يلونهم (متفق عليه)

തലമുറകളിൽ (നൂറ്റാണ്ടുകളിൽ) ഏറ്റവും ഉത്തമം എന്റെ നൂറ്റാണ്ട് ആണ്. പിന്നീട് അതിനടുത്ത തലമുറ, പിന്നീട് അതിനടുത്ത തലമുറയും. (മുത്തഫഖുൻ അലൈഹി)

സ്വഹാബികളിൽ ഏറ്റവും ശ്രേഷ്ഠർ അബൂബകർ, ഉമർ, ഉഥ്മാൻ, അലി (റ) എന്നിവരും പിന്നീട് സ്വർഗംകൊണ്ട് സന്തോഷമറിയിക്കപ്പെട്ടവരും ശേഷം ബാക്കി സ്വഹാബികളുമാണ്. അവരിൽ ഏതെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടായാൽ തന്നെ, അവർ മുജ്തഹിദുകളാണ്. അതുകൊണ്ട് അവരുടെ അഭിപ്രായം സത്യത്തോട് യോജിച്ചാൽ രണ്ടുപ്രതിഫലവും പിഴച്ചാൽ ഇജ്തിഹാദിന്റെ പ്രതിഫലവും അവർക്ക് ലഭിക്കും എന്നതാണ് അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസം.

അപ്രകാരം തന്നെ പ്രവാചകൻ (സ്വ) യുടെ ഭാര്യമാരായ ഉമ്മഹാത്തുൽ മുഅ്മിനീങ്ങളെയും (വിശ്വാസികളുടെ മാതാക്കൾ) അവിടുത്തെ കുടുംബത്തെയും അവർ സ്നേഹിക്കുന്നു. ഇതിന്നെതിരിൽ പ്രവർത്തിക്കുന്ന അതായത് പ്രവാചക കുടുംബത്തെ ആക്ഷേപിക്കുകയും സ്വഹാബത്തിനെ നിഷേധിക്കുകയും ചെയ്യുന്ന റാഫിദുകളെ അവർ വെറുക്കുകയും ചെയ്യുന്നു.

ഇത്രയും പറഞ്ഞതിൽ നിന്ന് ഉത്തമ വിശ്വാസമെന്നാൽ അല്ലാഹു മുഹമ്മദ് നബി (സ്വ) യെ ഏതൊരു വിശ്വാസവുമായി നിയോഗിച്ചുവോ അത് പിൻതുടരലാണ് എന്നും, അത് മാത്രമാണ് വിജയത്തിന്റെ മാർഗമെന്നും അതാണ് അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസവും മാർഗവും എന്നും മനസ്സിലാക്കാവുന്നതാണ്. നബി (സ്വ) പറയുകയുണ്ടായി:

لاتزال طائفة من أمتي على الحق منصورة لايضرّهم من خذلهم حتى يأتي أمر الله سبحانه.

അന്ത്യനാൾവരെയും എന്റെ സമുദായത്തിൽ നിന്നും ഒരുവിഭാഗം

സത്യമാർഗത്തിൽ സഹായിക്കപ്പെടുന്ന നിലയിൽ തുടർന്നു കൊണ്ടേയിരിക്കും, ഒരുനീചരും അവരെ ഉപദ്രവിക്കുകയില്ല.

افترقت اليهـود على إحدى وسبعين فرقة وافـترقت النصـارى على اثنـين وسبعين فرقة وستفترق هذه الأمة على ثلاث وسبعين فرقـة كلهـا في النـار إلاّ واحدة، فقال الصحابة: من هي يا رسول ا لله؟ قال: من كان على مثل ما أنـا عليه وأصحابي.

ജൂതന്മാർ എഴുപത്തൊന്ന് വിഭാഗമായി ഭിന്നിച്ചു. ക്രിസ്ത്യാനികൾ എഴുപത്തിരണ്ടു വിഭാഗമായി ഭിന്നിച്ചു. (എൻെറ) ഈ സമുദായം എഴുപത്തിമൂന്ന് വിഭാഗമായി ഭിന്നിക്കുക തന്നെ ചെയ്യും. എന്നാൽ ഒന്നൊഴികെ എല്ലാവിഭാഗവും നരകത്തിലായിരിക്കും. സ്വഹാബികൾ ചോദിച്ചു: പ്രവാചകരേ, ആരാണ് അവർ (വിജയിക്കുന്ന വിഭാഗം) ? നബി: ഞാനും എൻെറ സ്വഹാബികളും ഉൾകൊണ്ട മാർഗം പിൻപറ്റുന്ന വിഭാഗമായിരിക്കും അത്.

പ്രസ്തുത മാർഗം പിൻപറ്റലും അതവലംബിച്ചു ജീവിക്കലും, അതിനു വിരുദ്ധമായ മാർഗത്തിൽനിന്ന് അകന്നു ജീവിക്കലും വിശ്വാസികൾക്ക് നിർബന്ധമാണ്. സത്യവിശ്വാസത്തിൽ നിന്ന് തെറ്റിപ്പോയ ധാരാളം വിഭാഗങ്ങളെ ഇന്ന് സമൂഹത്തിൽ കാണാവുന്നതാണ്.

വിഗ്രഹങ്ങൾ, പ്രതിമകൾ, മലക്കുകൾ, ജിന്നുകൾ, ഔലിയാക്കൾ, മരങ്ങൾ, കല്ലുകൾ എന്നിവയെ ആരാധിക്കുന്നവർ പ്രസ്തുത (വിജയിക്കുന്ന) വിഭാഗത്തിൽ നിന്നും തെറ്റിപ്പോയവരാണ്. ഇക്കൂട്ടർ പ്രവാചകന്മാരുടെ പ്രബോധനം സ്വീകരിച്ചിട്ടില്ല എന്നു മാത്രമല്ല, ഖുറൈശികൾ മുഹമ്മദ് നബി (സ്വ) യോട് കാണിച്ച പോലെ പ്രവാചകന്മാരോട് എതിർക്കുകയും ധിക്കരിക്കുകയുമാണ് ചെയ്യുന്നത്. ഖുറൈശികൾ അവരുടെ ആരാധ്യരോട് ആവശ്യപൂർത്തീകരണത്തിനും രോഗശമനത്തിനും ശത്രുക്കളെ അതിജയിക്കുന്നതിനുമായി പ്രാർത്ഥിക്കുകയും ആരാധ്യവസ്തുക്കൾക്കായി ബലിയറുക്കുകയും നേർച്ചകൾ അർപ്പിക്കുകയും ചെയ്യുന്നവരായിരുന്നു. പ്രവാചകൻ (സ്വ) അതിനെ എതിർക്കുകയും അവരെ അല്ലാഹുവിനെമാത്രം ആരാധിക്കാൻ ക്ഷണിക്കുകയും ചെയ്തപ്പോൾ അവർ അതിനെ എതിർക്കുകയും അദ്ഭുതം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. അവരുടെ വാക്കുകളെ ഖുർആൻ ഇപ്രകാരം

പരിചയപ്പെടുത്തുന്നു:

﴿أَجَعَلَ الآلِهَةَ إِلَهًا وَاحِدًا إِنَّ هَذَا لَشَيْءٌ عُجَابٌ﴾ ص:٥

**ഇവൻ പലദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കയാണോ? തീർച്ചയായും ഇത് ഒരു അത്ഭുതകരമായ കാര്യം തന്നെ. [വി.ഖു. 38:5]**

എന്നാൽ പ്രവാചകൻ (സ്വ) അവരെ അല്ലാഹുവിലേക്കു ക്ഷണിക്കുകയും ശിർകിൻെറ ഗൗരവത്തിൽ നിന്ന് മുന്നറിയിപ്പു നൽകുകയും തൻെറ ദൗത്യത്തിൻെറ യാഥാർത്ഥ്യം അവർക്ക് ബോധ്യപ്പെടുത്തുകയും ചെയ്തുകൊണ്ടേയിരുന്നു. അതുമൂലം അല്ലാഹു ധാരാളം ആളുകൾക്ക് സത്യമാർഗം പുൽകാനുള്ള അനുഗ്രഹം നൽകുകയും അവർ കൂട്ടത്തോടെ ഇസ്‌ലാമിലേക്ക് പ്രവേശിക്കുകയും ചെയ്തു. തുടർന്ന് പ്രവാചകൻെറയും അനുചരന്മാരുടെയും നിരന്തര പ്രബോധനത്തിൻെറയും ധർമ്മസമരത്തിൻെറയും ഫലമായി ഇസ്‌ലാം മറ്റു മതങ്ങൾക്കിടയിൽ പ്രശോഭിതമാകുകയും വിജയിക്കുകയും ചെയ്തു.

ദൗർഭാഗ്യകരമെന്നു പറയട്ടെ കാലങ്ങൾ കടന്നു പോയി, അജ്ഞത അധികമാളുകളെയും പിടികൂടുകയും ജനങ്ങൾ ഭൂരിഭാഗവും പഴയ ജാഹിലിയ്യത്തിലേക്കു തന്നെ മടങ്ങുകയും ചെയ്തിരിക്കുന്നു! അമ്പിയാക്കളോടും ഔലിയാക്കളോടും പ്രാർത്ഥിക്കുകയും അവരോട് സഹായം തേടുകയും ചെയ്തു കൊണ്ട് ശിർകിൻെറ വിവിധ വശങ്ങൾ ഇന്നു പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ജാഹിലിയ്യാ അറബികൾ മനസ്സിലാക്കിയ പോലെയല്ലാതെ ഇക്കൂട്ടരും "ലാ ഇലാഹ ഇല്ലല്ലാഹു" എന്നതിൻെറ ആശയം മനസ്സിലാക്കിയിട്ടില്ല. (അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ.)

മേൽപറയപ്പെട്ട ശിർക് ഇന്ന് ജനങ്ങളിൽ വ്യാപിച്ചു കൊണ്ടേയിരിക്കുകയാണ്. മുൻകാല ശിർകും ആധുനിക ശിർകും പലനിലക്കും സാമ്യപ്പെട്ടിരിക്കുന്നതായി കാണാം. അവർ ഉന്നയിച്ചിരുന്ന വാദങ്ങളും ന്യായീകരണങ്ങളും ഖുർആൻ നമുക്ക് പറഞ്ഞു തരുന്നുണ്ട്:

﴿هَؤُلَاءِ شُفَعَاؤُنَا عِنْدَ اللَّهِ﴾ يونس:١٨

**ഇവർ (ആരാധ്യർ) അല്ലാഹുവിങ്കൽ ഞങ്ങളുടെ ശുപാർശകരാണ്. [വി.ഖു. 10:18]**

﴿مَا نَعْبُدُهُمْ إِلاَّ لِيُقَرِّبُونَا إِلَى اللَّهِ زُلْفَى﴾ الزمر:٣

ഞങ്ങളെ അല്ലാഹുവിങ്കലേക്ക് അടുപ്പിക്കുവാൻ വേണ്ടി മാത്രമാണ് ഞങ്ങൾ അവരെ ആരാധിക്കുന്നത്. [വി.ഖു. 39:3]

എന്നാൽ അല്ലാഹുവിനു പുറമെ ആരെ ആരാധിച്ചാലും അതു മൂലം അവൻ ശിർക് ചെയ്തവനാകുകയും അവിശ്വാസിയാവുകയും ചെയ്തു എന്നാണ് അല്ലാഹു വ്യക്തമാക്കിത്തരുന്നത്.

﴿وَيَعْبُدُونَ مِنْ دُونِ اللَّهِ مَالاَ يَضُرُّهُمْ وَلاَ يَنْفَعُهُمْ وَيَقُولُونَ هَؤُلاَءِ شُفَعَاؤُنَا عِنْدَ اللَّهِ﴾ يونس ١٨

അല്ലാഹുവിനു പുറമെ അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിൻെറയടുക്കൽ ഞങ്ങൾക്കുള്ള ശുപാർശകരാണ് എന്ന് പറയുകയും ചെയ്യുന്നു. [വി.ഖു. 10:18]

അല്ലാഹു അവരുടെ വാദത്തിന് ഇപ്രകാരം മറുപടിനൽകുന്നു:

﴿قُلْ أَتُنَبِّؤُنَ اللَّهَ بِمَا لاَ يَعْلَمُ فِي السَّمَوَاتِ وَلاَ فِي الأَرْضِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ﴾ يونس:١٨

(നബിയേ) പറയുക, ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന് അറിയിച്ചു കൊടുക്കുകയാണോ, അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു. [വി.ഖു. 10:18]

അമ്പിയാക്കളോടും ഔലിയാക്കളോടും പ്രാർത്ഥിക്കുകയും സഹായം തേടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇത്തരം ആളുകൾ എന്തുപേരു പറഞ്ഞ് ന്യായീകരണങ്ങൾ കണ്ടെത്തിയാലും അത് ഗൗരവമേറിയ ശിർക് തന്നെയാണെന്ന് അല്ലാഹു പറയുന്നു:

﴿وَالَّذِينَ اتَّخَذُوا مِنْ دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ إِلاَّ لِيُقَرِّبُونَا إِلَى اللَّهِ زُلْفَى﴾ الزمر:٣

അവന്ന് (അല്ലാഹുവിന്ന്) പുറമെ ഔലിയാക്കളെ സ്വീകരിച്ചവർ (പറയുന്നു) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻവേണ്ടി മാത്രമാകുന്നു ഞങ്ങൾ അ

വരെ ആരാധിക്കുന്നത്. [വി.ഖു. 39:3]

അപ്പോൾ അതിന്ന് അല്ലാഹു നൽകുന്ന മറുപടി കാണുക:

﴿إِنَّ اللَّهَ يَحْكُمُ بَيْنَهُمْ فِيمَا كَانُوا فِيهِ يَخْتَلِفُونَ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ كَاذِبٌ كَفَّارٌ﴾ الزمر:٣

**അവർ ഏതൊരു കാര്യത്തിൽ ഭിന്നത പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെചെയ്യും. കളവു പറയുന്നവനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല, തീർച്ച.** [വി.ഖു. 39:3]

ഇതിലൂടെ അല്ലാഹു വ്യക്തമാക്കുന്നത് പ്രാർത്ഥന, ഭയം, പ്രതീക്ഷ എന്നിവയിലൂടെ അല്ലാഹുവിനെയല്ലാതെ ആരാധിച്ചു കൊണ്ടിരിക്കുന്നത് കുഫ്റും (ദൈവനിഷേധവും) അവരുടെ ആരാധ്യർ അവരെ അല്ലാഹുവിങ്കലേക്ക് അടുപ്പിക്കും എന്ന വാദം കളവുമാണ് എന്നാണ്.

ശരിയായ വിശ്വാസത്തിൽ നിന്നും തെറ്റിയ മറ്റൊരു വിഭാഗമാണ് മാർക്സിസവും ലെനിനിസവും അടിസ്ഥാന വിശ്വാസമായി അംഗീകരിച്ചു ജീവിക്കുന്ന വിഭാഗം.

ദൈവനിഷേധത്തിലേക്കും നിരീശ്വരത്വത്തിലേക്കുമാണ് അവർ ക്ഷണിച്ചു കൊണ്ടിരിക്കുന്നത്. കമ്യൂണിസം, സോഷ്യലിസം എന്നിങ്ങിനെ എന്തു പേരുപറഞ്ഞാലും ദൈവം, പരലോകം, സ്വർഗം, നരകം എന്നിവയെല്ലാം മിഥ്യയാണെന്ന് പറഞ്ഞു മതങ്ങളെ തന്നെ നിഷേധിക്കലാണ് അവരുടെ അടിസ്ഥാനം. ഇക്കാര്യം പ്രസ്തുത വിഭാഗത്തിൻെറ ഗ്രന്ഥങ്ങളിൽ നിന്നുംമറ്റും വ്യക്തമാകുന്നതാണ്. ദൈവീകമായ എല്ലാ മത തത്വങ്ങൾക്കും കടക വിരുദ്ധവും, ഐഹികവും പാരത്രികവുമായ ജീവിതത്തെ ദുരിത പൂർണ്ണമാക്കിത്തീർക്കുന്നതുമാണ് മേൽപറയപ്പെട്ട വിഭാഗത്തിൻെറ ആശയങ്ങൾ.

സത്യവിരുദ്ധമായ വിശ്വാസത്തിൽ സ്ഥാപിതമായതാണ് ബാത്വിനിയാക്കളുടെയും സ്വൂഫിയാക്കളുടെയും വിശ്വാസം.

ഔലിയാക്കളിൽ ചിലർ അല്ലാഹുവിൻെറ അധികാരത്തിൽ പോലും പങ്കാളികളാണെന്നതാണ് അവരുടെവിശ്വാസം. ലോകത്തിൻെറ നിയന്ത്രണത്തിലും കൈകാര്യ കർതൃത്വത്തിലും ഔലിയാക്കളിൽപെട്ട ഖുത്വ്ബ്, വത്ദ്, ഗൗഥ് തുടങ്ങിയ പദവിയിലുള്ളവർക്ക് പങ്കുണ്ടെന്ന് വിശ്വസിക്കുകയും അവർക്ക് ആരാധനകൾ

അർപ്പിക്കുകയും ചെയ്തുകൊണ്ട് ജാഹിലിയ്യഃ അറബികളുടെ ശിർകിനെപ്പോലും മറികടന്നുകൊണ്ട് തൗഹീദുർ റുബൂബിയ്യഃ (രക്ഷാകർ തൃത്വത്തിലുള്ള ഏകത്വം) യിൽകൂടി ശിർക് വച്ചു പുലർത്തുകയാണ് ഇക്കൂട്ടർ ചെയ്തു കൊണ്ടിരിക്കുന്നത്. എന്നാൽ അറേബ്യയിലെ കാഫിറുകൾ ഇബാദത്തിൽ (ആരാധനയിൽ) മാത്രമായിരുന്നു ശിർക് ചെയ്തിരുന്നത്. രക്ഷാകർതൃത്വം (റുബൂബിയ്യത്ത്) അവർ അംഗീകരിച്ചിരുന്നു. അതുപോലെ തന്നെ അവരുടെ ശിർക് നിത്യ ജീവിതത്തിലുണ്ടാകുന്ന നിസ്സാരകാര്യങ്ങളിലായിരുന്നു. അപകട ഘട്ടങ്ങളിൽ അവർ നിഷ്കളങ്കരായി അല്ലാഹുവിന് മാത്രമായി കീഴ്പെട്ടു അവനോട് മാത്രമായിരുന്നു പ്രാർത്ഥിച്ചിരുന്നത്. അല്ലാഹു പറയുന്നു:

﴿فَإِذَا رَكِبُوا فِي الْفُلْكِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَمَّا نَجَّاهُمْ إِلَى الْبَرِّ إِذَاهُمْ يُشْرِكُونَ﴾ العنكبوت:٦٥

**എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ വിളിച്ചു പ്രാർത്ഥിക്കും. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയാൽ അവരതാ (അവനോട്) പങ്കുചേർക്കുന്നു.** [വി.ഖു. 29:65]

എന്നാൽ തൗഹീദുർ റുബൂബിയ്യഃ (രക്ഷാകർതൃത്വം) അവർ അല്ലാഹുവിനു മാത്രമായി വകവെച്ചു കൊടുത്തിരുന്നു. അല്ലാഹു പറയുന്നു:

﴿وَلَئِنْ سَأَلْتَهُمْ مَنْ خَلَقَهُمْ لَيَقُولُنَّ اللَّهُ﴾ الزخرف:٨٧

**അവരെ ആരാണ് സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ അവർ പറയും, തീർച്ചയായും അല്ലാഹു തന്നെ.** [വി.ഖു. 43:87]

﴿قُلْ مَنْ يَرْزُقُكُمْ مِنَ السَّمَاءِ وَالأَرْضِ أَمْ مَنْ يَمْلِكُ السَّمْعَ وَالأَبْصَارَ وَمَنْ يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَنْ يُدَبِّرُ الأَمْرَ فَسَيَقُولُونَ لِلَّهِ فَقُلْ أَفَلاَ تَتَّقُونَ﴾ يونس:٣١

**പറയുക, ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ**

കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നത് ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും അല്ലാഹു എന്ന്. അപ്പോൾ പറയുക, എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? [വി.ഖു. 10:31]

എന്നാൽ പിൽക്കാലക്കാരായ (ഇന്നത്തെ) മുശ്രികുകൾ മുൻഗാമികളെക്കാൾ രണ്ടുകാര്യം കൊണ്ട് മുന്നിലാണ്.

1-ഇന്ന് പലരും അല്ലാഹുവിൻെറ രക്ഷാകർതൃത്വത്തിലുള്ള ഏകത്വത്തിൽ കൂടി പങ്കുചേർക്കുന്നു.

2-ആപൽഘട്ടങ്ങളിലും അല്ലാത്ത ഘട്ടങ്ങളിലും അല്ലാഹുവിലേക്കല്ലാതെ മറ്റു പലരിലേക്കും ആരാധനകൾ അർപ്പിക്കുന്നു. അല്ലാഹുവിനു മാത്രമായി നൽകേണ്ട അവകാശങ്ങൾ മറ്റുപലരിലേക്കും നൽകുന്നു. പ്രത്യേകിച്ചും മഹാന്മാരുടെ മഖ്ബറകൾക്കു ചുറ്റും കാണിച്ചു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് ഇത് മനസ്സിലാക്കാവുന്നതാണ്. ഉദാഹരണമായി ഈജിപ്തിലെ ഹുസൈനുൽ ബദവി എന്നനിലെ ഐദ്രൂസ്, യമനിലെ ഹാദീ, ശാമിലെ ഇബ്നു അറബി, ഇറാഖിലെ അബ്ദുൽ ഖാദിർ ജീലാനീ എന്നിവരുടെ മഖ്ബറകൾ മേല്പറയപ്പെട്ട ശിർകിന് കുപ്രസിദ്ധി നേടിയവയാണ്. -കേരളത്തിലെ പുത്തൻപള്ളി, ബീമാപള്ളി, മുനമ്പം തുടങ്ങിയവയും ഇതിൽ നിന്ന് വ്യത്യസ്തമല്ല *[വിവർത്തകൻ].*

ഇന്ന് ഇത്തരം പ്രവർത്തനങ്ങളെ വിരോധിക്കുകയും മുഹമ്മദ് നബിയേയും മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരെയും അല്ലാഹു നിയോഗിച്ചതിൻെറ ലക്ഷ്യമായ തൗഹീദിൻെറ സന്ദേശം ജനങ്ങൾക്കു എത്തിച്ചു കൊടുക്കുകയും ചെയ്യുന്നവർ വളരെ കുറഞ്ഞു പോയിരിക്കുന്നു എന്നതാണ് ഏറെസങ്കടകരമായ വസ്തുത. [അല്ലാഹുവിൽ ശരണം.]

മേൽപറഞ്ഞ ശിർകിൽ കഴിഞ്ഞു കൂടുന്നവരെ നേർമാർഗത്തിലേക്കു നയിക്കാൻ പര്യാപ്തരായ പ്രബോധകർ ഉണ്ടായിത്തീരുന്നതിനും സമുദായ നേതൃത്വത്തിനും പണ്ഡിതന്മാർക്കും ഇത്തരം ശിർകിനെതിരെ ശബ്ദിക്കാൻ തൗഫീഖ് ലഭിക്കുന്നതിനും നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാം. അവൻ എല്ലാം കേൾക്കുന്നവനും സമീപസ്തനുമാണല്ലോ.

ശരിയായ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ച് അല്ലാഹുവിൻെറ

ഉന്നത നാമങ്ങളിലും ഗുണവിശേഷങ്ങളിലും അബദ്ധങ്ങൾ സംഭവിച്ച വിഭാഗങ്ങളാണ് മുഅ്തസിലിയാക്കൾ, ജഹ്മിയാക്കൾ എന്നീ പേരിൽ അറിയപ്പെടുന്ന നൂതന പ്രസ്ഥാനങ്ങൾ.

അല്ലാഹുവിൻെറ സ്വിഫാതുകൾ നിഷേധിക്കുകയും മാറ്റംവരുത്തുകയും അവനെ നിർജീവ വസ്തുക്കളോടുപമിക്കുകയും മിഥ്യാസങ്കൽപങ്ങളാണെന്ന് വച്ചുപുലർത്തുകയും ചെയ്യുന്ന ഇത്തരം വിഭാഗങ്ങളുടെ ജൽപനങ്ങളെക്കാൾ എത്രയോ വിശുദ്ധനാകുന്നു അല്ലാഹു. ഇത്തരം ആശയം വച്ചുപുലർത്തുന്നവരോട് സഹകരിക്കുന്നവരുടെ വിശ്വാസവും അപൂർണ്ണമാണ്.

അല്ലാഹുവിൻെറ സ്വിഫാതുകളിൽ ചിലത് നിഷേധിക്കുകയും ചിലത് അംഗീകരിക്കുകയും ചെയ്യുന്ന അശ്അരീയാക്കളും വിശ്വാസ കാര്യങ്ങൾ വ്യതിയാനങ്ങൾ സംഭവിച്ചവരാണ്. ബുദ്ധിപരമായും തെളിവുകളുടെ പിൻബലത്തോടെയും ശക്തിയുക്തം വ്യക്തമാക്കപ്പെട്ട സത്യങ്ങളോട് വിയോജിക്കുകയും തെളിവുകളെ ദുർവ്യാഖ്യാനം നടത്തിയുമാണ് പ്രസ്തുത വിഭാഗം അവരുടെ ആശയങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

എന്നാൽ അഹ്ലുസ്സുന്നത്തി വൽജമാഅത്ത് മുമ്പ് വിവരിച്ചതുപോലെ അല്ലാഹു അവൻെറ ഗ്രന്ഥത്തിലൂടെ അവൻെറ വിശേഷണങ്ങളായി അറിയിച്ചു തന്നതും പ്രവാചകൻ (സ്വ) അറിയിച്ചു തന്നതുമായ മുഴുവൻ നാമങ്ങളും സ്വിഫാതുകളും യാതൊരുവിധ മാറ്റത്തിരുത്തലോ കൂട്ടിച്ചേർക്കലോ ഉപമയോ കൂടാതെ യഥാവിധി വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതോടൊപ്പം സമൂഹത്തിൽ സംഭവിച്ചിട്ടുള്ള വ്യതിയാനങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്നു. അതാണ് വിജയത്തിൻെറ മാർഗം. ഐഹിക പാരത്രിക മോക്ഷത്തിനു നിദാനമായ സ്വിറാതുൽ മുസ്തഖീം (സത്യമാർഗം) അതുതന്നെയാണ്. അതായിരുന്നു മുൻഗാമികളായ സച്ചരിതരും മാതൃകാവര്യരുമായ സമുദായ നേതൃത്വം സഞ്ചരിച്ച മാർഗം. സമുദായത്തിലെ ആദ്യകാലക്കാർ നന്നായിത്തീർന്ന മാർഗം മുഖേനയല്ലാതെ അവസാന വിഭാഗവും നന്നായിത്തീരുകയില്ല. അത് അല്ലാഹുവിൻെറ ഗ്രന്ഥവും പ്രവാചകചര്യയും അവലംബിക്കുകയും അതിനെതിരായ മാർഗം കയ്യൊഴിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ സാദ്ധ്യമാവുകയുള്ളൂ.

# ഇസ്‌ലാം ദുർബലപ്പെടുന്ന കാര്യങ്ങൾ

മുസ്‌ലിം സഹോദരാ;

അല്ലാഹു മുഴുവൻ അടിമകളിലും നിർബന്ധമാക്കിയ ഒരുകാര്യമാണ് ഇസ്‌ലാം മതം സ്വീകരിക്കുകയും അത് അവലംബമാക്കി ജീവിക്കുകയും അതിന് എതിരാകുന്ന കാര്യങ്ങളിൽ നിന്നും അകന്നു നിൽക്കുകയും ചെയ്യുക എന്നത്. ഈ ആശയത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിനു വേണ്ടിയാണ് അവൻ തന്റെ പ്രവാചകനായ മുഹമ്മദ് നബി (സ്വ) യെ നിയോഗിച്ചത്. അദ്ദേഹത്തെ പിൻപറ്റിയവർ സന്മാർഗം പ്രാപിക്കുകയും അദ്ദേഹത്തെ ധിക്കരിച്ചു ജീവിച്ചവർ വഴിപിഴക്കുകയും ചെയ്യും എന്നകാര്യവും അല്ലാഹു അറിയിച്ചു തന്നിരിക്കുന്നു.

ഇസ്‌ലാമിൽ നിന്നും പുറത്തു പോകുന്നതിനു കാരണങ്ങളായ ശിർക്, കുഫ്റ് തുടങ്ങിയ കാര്യങ്ങൾ അല്ലാഹു നിരവധി ആയത്തുകളിലൂടെ താക്കീതു നൽകുകയും പണ്ഡിതന്മാർ മുർതദ്ദിന്റെ വിധിയിൽ അവയെ ഉൾകൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

ഒരു മുസ്‌ലിം തന്റെ മതത്തിൽ നിന്ന് പുറത്തു പോവുകയും അവന്റെ രക്തവും സമ്പത്തും മുസ്‌ലിം ഉത്തരവാദിത്വത്തിൽ നിന്ന് പുറത്തുപോവുകയും ചെയ്യുന്നതിന് ഇടവരുത്തുന്ന കാര്യങ്ങൾ നിരവധിയാണ്. അവയിൽ അപകടകരവും സംഭവിക്കാൻ കൂടുതൽ സാധ്യതയുള്ളതുമായ കാര്യങ്ങൾ പത്തെണ്ണമാണ്. അവ വളരെ സംക്ഷിപ്തവും എന്നാൽ വ്യക്തവുമായും, അതിൽ അകപ്പെട്ടവർക്കു രക്ഷപ്പെടാനുതകുന്ന തരത്തിലും താഴെ വിവരിക്കുന്നു.

1-അല്ലാഹുവിനുള്ള ആരാധനയിൽ പങ്കുചേർക്കൽ. അല്ലാഹു പറയുന്നു:

﴿إِنَّ اللَّهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدِ افْتَرَىٰ إِثْمًا عَظِيمًا﴾ النساء:٤٨

തന്നോട് പങ്കുചേർക്കുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുത

രമായ ഒരുകുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്. [വിഖു. 4:48]

﴿إِنَّهُ مَن يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ﴾ المائدة:٧٢

അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്, നരകം അവൻെറ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. [വിഖു. 5:72]

മേൽപറഞ്ഞ വിഷയത്തിൽ പെട്ടതാണ് മരിച്ചു പോയവരോട് പ്രാർത്ഥിക്കുക, സഹായം തേടുക, അവരുടെ പ്രീതിക്കായി അറവു നടത്തുക, നേർച്ചനേരുക എന്നിവയെല്ലാം.

2. അല്ലാഹുവിൻെറയും തങ്ങളുടെയും ഇടയിൽ മദ്ധ്യവർത്തികളെ സങ്കൽപിച്ചു അവരോട് പ്രാർത്ഥിക്കുന്നതും അവരിൽ നിന്ന് ശുപാർശ തേടുന്നതും അവരിൽ കാര്യങ്ങൾ ഭരമേൽപിക്കുന്നതുമെല്ലാം കാഫിറായിത്തീരാൻ ഇടവരുത്തുന്നതാണ് എന്നതിൽ മുസ്ലിം പണ്ഢിതന്മാർ ഏകാഭിപ്രായക്കാർ (ഇജ്മാഅ്) ആണ്.

3. മുശ്രികുകൾ അവിശ്വാസികളാണെന്ന കാര്യത്തിൽ ആരെങ്കിലും വിശ്വസിക്കാതിരിക്കുകയോ സംശയിക്കുകയോ അവരുടെ ആദർശം അംഗീകരിക്കുകയോ ചെയ്താൽ അവരും അവിശ്വാസി (കാഫിർ) ആയിത്തീരുന്നതാണ്.

4. വല്ലവനും പ്രവാചകൻെറ ചര്യയല്ലാത്ത വല്ലചര്യയും പ്രവാചക ചര്യയെക്കാൾ ഉത്തമമാണെന്ന് വിശ്വസിക്കുകയോ, പ്രവാചകൻെറ നിയമങ്ങളെക്കാൾ മറ്റുനിയമങ്ങളെ മെച്ചമുള്ളതായി കാണുകയോ ചെയ്താൽ, അതല്ലെങ്കിൽ പ്രവാചകൻെറ വിധിക്കെതിരിൽ താഗൂത്തുകളുടെ (ദുർമൂർത്തികളുടെ) വിധികളെ ശ്രേഷ്ഠപ്പെടുത്തുകയോ ചെയ്താൽ അവനും കാഫിറായിപ്പോകും.

5. പ്രവാചകൻ (സ്വ) കൊണ്ടുവന്ന വിഷയത്തിലോ പ്രവർത്തിച്ചു കാണിച്ചു തന്ന കാര്യത്തിലോ വെറുപ്പ് പ്രകടിപ്പിച്ചാൽ അവനും കാഫിർ ആകുന്നു. അല്ലാഹു പറയുന്നു:

﴿ذَلِكَ بِأَنَّهُمْ كَرِهُوا مَا أَنْزَلَ اللَّهُ فَأَحْبَطَ أَعْمَالَهُمْ﴾ محمد:٩

എന്തുകൊണ്ടെന്നാൽ അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തു കളഞ്ഞു, അപ്പോൾ അവരുടെ കർമ്മങ്ങളെ അവൻ നിഷ്ഫലമാക്കിക്കളഞ്ഞു. [വി.ഖു. 47:9]

6-പ്രവാചകൻ കൊണ്ടുവന്ന മതത്തെ വല്ലവനും നിന്ദിക്കുകയോ അതല്ലെങ്കിൽ അല്ലാഹു നിശ്ചയിച്ച പ്രതിഫലത്തെയോ ശിക്ഷയെയോ വല്ലവനും നിന്ദിച്ചാൽ അവനും അവിശ്വാസിയായിക്കഴിഞ്ഞു. അല്ലാഹു പറയുന്നു:

﴿قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِؤُونَ لَا تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ﴾

التوبة:٦٥-٦٦

പറയുക, അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്, നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട, വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. [വി.ഖു. 9:65-66]

7-സിഹ്ർ (മാരണം), അല്ലെങ്കിൽ അതുമായി ബന്ധപ്പെടുന്ന പ്രവർത്തനങ്ങൾ വല്ലവനും പ്രവർത്തിക്കുകയോ അത്തരം പ്രവർത്തനങ്ങളിൽ വല്ലവനും തൃപ്തിയടയുകയോ ചെയ്താൽ അവനും അവിശ്വാസിയായിത്തീരും. അല്ലാഹു പറയുന്നു:

﴿وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولَا إِنَّمَا نَحْنُ فِتْنَةٌ فَلَا تَكْفُرْ﴾ البقرة:١٠٢

എന്നാൽ അവർ രണ്ടുപേരും (ഹാറൂത്ത്, മാറൂത്ത് എന്നീ മലക്കുകൾ) ഏതൊരാൾക്കു പഠിപ്പിക്കുമ്പോഴും ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു, അതിനാൽ ഇത് (സിഹ്ർ) പ്രവർത്തിച്ചു നിങ്ങൾ ദൈവനിഷേധത്തിൽ (കുഫ്റിൽ) ഏർപ്പെടരുത് എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നിട്ടില്ല. [വി.ഖു. 2:102]

8-മുസ്‌ലിംകൾക്കെതിരിൽ മുശ്‌രികുകളുമായി സഹകരിക്കലും സഹായിക്കലും അവിശ്വാസിയായിത്തീരാൻ ഇടയാക്കുന്നു. അല്ലാഹു പറയുന്നു:

﴿وَمَنْ يَتَوَلَّهُمْ مِنكُمْ فَإِنَّهُمْ مِنهُمْ إِنَّ اللَّهَ لاَ يَهْدِي الْقَوْمَ الظَّالِمِينَ﴾ المائدة: ٥١

നിങ്ങളിൽ ആരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല, തീർച്ച. [വി.ഖു. 5:51]

9-മുഹമ്മദ് നബി (സ) കൊണ്ടുവന്ന ശരീഅത്ത് അല്ലാത്ത മറ്റൊന്നിനെ വല്ലവരും വിശ്വസിക്കുകയും ഉൾകൊള്ളുകയും ചെയ്താൽ അവനും അവിശ്വാസിയാണ്. അല്ലാഹു പറയുന്നു:

﴿وَمَنْ يَبْتَغِ غَيْرَ الإِسْلاَمِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الآخِرَةِ مِنَ الْخَاسِرِينَ﴾

آل عمران: ٨٥


ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. [വി.ഖു. 3:85]


10-മതം എന്ത് എന്ന് പഠിക്കാതെയും അതനുസരിച്ച് ജീവിക്കാതെയും തിരിഞ്ഞുകളയൽ. അല്ലാഹു പറയുന്നു:


﴿وَمَنْ أَظْلَمُ مِمَّنْ ذُكِّرَ بِآيَاتِ رَبِّهِ ثُمَّ أَعْرَضَ عَنْهَا إِنَّا مِنَ الْمُجْرِمِينَ مُنتَقِمُونَ﴾ السجدة: ٢٢


തൻെറ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളെ പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽ നിന്ന് തിരിഞ്ഞു കളഞ്ഞവനെക്കാൾ അക്രമിയായി ആരുണ്ട്, തീർച്ചയും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാനടപടി എടുക്കുന്നതാണ്. [വി.ഖു. 32:22].

മേൽപറയപ്പെട്ട വിഷയങ്ങളിൽ പെട്ടുപോകാനുള്ള സാധ്യതകൾ വളരെ കൂടുതലായതിനാൽ അവയെ ഭയപ്പെട്ടു അവയിൽ അകപ്പെട്ടു പോകാതെ പിടിച്ചു നിൽക്കാൻ ഓരോമുസ്ലിമും പരിശ്രമിക്കേണ്ടതാണ്. അത്തരം കാര്യങ്ങളുമായി സഹകരിക്കൽ ബോധപൂർവ്വമോ തമാശ രൂപത്തിലോ മറ്റുള്ളവരെ ഭയന്നു കൊണ്ടോ ഏതുരൂപത്തിലായാലും വലിയ അപകടകരം തന്നെയാണ്.




slamhouse.com

Islamic Propagation Office in Rabwah

حتى لايجف النهر

رحلات مطبوعات تعليم

سمعيات مرئيات إنترنت

Rabwah

المكتب التعاوني
للدعـوة وتوعية
الجالـيات بالربوة